2023
JULY
28
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപന്നങ്ങൾ
Home Delivery
9847 12 9091, 98465 97621

## നാലു ശതമാനം നേട്ടത്തിൽ പഞ്ചാബ് നാഷണൽ ബാങ്ക് ഓഹരികൾ

**ന്യൂഡൽഹി.** ഒന്നാം പാദഫലം പുറത്തുവന്നതിനെ തുടർന്ന് 4 ശതമാനം നേട്ടമുണ്ടാക്കി പഞ്ചാബ് നാഷണൽ ബാങ്ക് ഓഹരികൾ. മൊത്ത ലാഭത്തിൽ നാലു മടങ്ങ് വർധനവാണ് റിപ്പോർട്ടു ചെയ്തിരിക്കുന്നത്. ഇതോടെ പുതിയ സാമ്പത്തിക വർഷത്തെ ഏപ്രിൽ, ജൂൺ പാദത്തിലെ ലാഭം 1225 കോടി രൂപയിലെത്തി. വാർത്തയെ തുടർന്ന് ഇന്നലെ വിപണിയിൽ 4.17 ശതമാനം നേട്ടത്തിൽ 63.21 രൂപയിലാണ് വ്യാപാരം അവസാനിപ്പിച്ചത്. ഇൻട്രാ ഡെ ട്രേഡിൽ 5.12 ശതമാനം വരെ ഉയർന്ന ഓഹരി 63.79 രൂപ വരെയെത്തി. ഇന്നും നേരിയ നേട്ടത്തിൽ വ്യാപാരം പുരോഗമിക്കുകയാണ്.

ഓഹരി വിൽപനയിൽ ഇന്നലെ മാത്രം ബോംബെ സ്റ്റോക്ക് എക്!സ്!ചേഞ്ചിൽ 83.33 ലക്ഷം ഓഹരിയും നാഷണൽ സ്റ്റോക്ക് എക്!സ്!ചേഞ്ചിൽ 16.6 കോടി ഓഹരികളും കൈമാറ്റം ചെയ്യപ്പെട്ടു. പൊതുമേഖലാ ബാങ്കുകളിൽ ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ബാങ്കാണ് പഞ്ചാബ് നാഷണൽ ബാങ്ക്. പലിശ വരുമാനത്തിലുണ്ടായ വർധനവും കിട്ടാക്കടം കുറഞ്ഞതുമാണ് മെച്ചപ്പെട്ട ഒന്നാം പാദഫലത്തിനു കാരണം. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ വെറും 308 കോടി രൂപയായിരുന്നു ബാങ്കിന്റെ ലാഭവിഹിതം. ആകെ വരുമാനം കഴിഞ്ഞ വർഷത്തെ 21,294 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഇത്തവണ 28,579 കോടി രൂപയിലെത്തി. പലിശ വരുമാനം വർധിച്ച് 25,145 കോടിയും കിട്ടാക്കടം ചുരുങ്ങി 7.73 ശതമാനത്തിലേക്കും എത്തി. കഴിഞ്ഞ വർഷം ഇത് 11.2 ശതമാനമായിരുന്നു.

# സപ്ലൈകോ സബ്സിഡി നിർത്തലാക്കുന്നു




**കൊച്ചി:** സബ്സിഡി ഭക്ഷ്യോൽപന്ന വിതരണത്തിൽ നിന്ന് സപ്ലൈകോ ഘട്ടംഘട്ടമായി പിൻവാങ്ങുന്നു. ഈ മാസം സപ്ലൈകോ സ്റ്റോറുകളിൽ വറ്റൽ മുളകും വൻപയറും വിതരണം ചെയ്തില്ല. വിതരണത്തിന് ആവശ്യമായവ കഴിഞ്ഞ മാസം വാങ്ങാൻ സപ്ലൈകോ തയാറാകാത്തതാണ് കാരണം. വിതരണത്തിനെത്തിയ മറ്റു പയർ ഉൽപന്നങ്ങളാകട്ടെ വേഗം തീരുകയും ചെയ്തു. പതിവായി വാങ്ങുന്ന അളവിലും കുറവാണു കഴിഞ്ഞ മാസം ചെറുപയർ, കടല, ഉഴുന്ന് എന്നിവ വാങ്ങിയത്.

വിതരണക്കാർക്കു നൽകാനുള്ള തുക ക്രമാതീതമായി വർധിച്ചതോടെയാണ് സബ്സിഡി ഇനത്തിൽ നൽകാനുള്ള വറ്റൽ മുളകും വൻപയറും കഴിഞ്ഞ മാസം സപ്ലൈകോ വേണ്ടെന്നുവച്ചത്. ഇതോടെ സംസ്ഥാനത്തെ സപ്ലൈകോ ഷോപ്പുകളിൽ സബ്സിഡിയായി നൽകേണ്ട ഭക്ഷ്യോൽപന്നങ്ങൾ പലതും കിട്ടാനില്ല.

സബ്സിഡി ഇനത്തിലേക്കു മാത്രമായി ഭക്ഷ്യോൽപന്നങ്ങൾ വാങ്ങിയ വകയിൽ 558 കോടി രൂപയാണു വിതരണക്കാർക്കു നിലവിൽ സപ്ലൈകോ നൽകാനുള്ളത്. ബിൽതുക തീർത്തു നൽകിയത് ഇക്കഴിഞ്ഞ മാർച്ച് വരെ മാത്രം. വിവിധ സംസ്ഥാനങ്ങളിലെ 70 വിതരണക്കാർക്കായി 1193 ബില്ലുകളിൽ നാലു മാസത്തെ തുകയാണിപ്പോൾ കുടിശിക. വിതരണക്കാർ ഭക്ഷ്യോൽപന്നങ്ങൾ നൽകാൻ മടിച്ചു തുടങ്ങിയതോടെ സബ്സിഡി ഉൽപന്നങ്ങൾക്കുള്ള ഓർഡർ സപ്ലൈകോ നിർത്തി. സാമ്പത്തിക പ്രതിസന്ധിക്കു പരിഹാരമായില്ലെങ്കിൽ കൂടുതൽ സബ്സിഡി ഉൽപന്നങ്ങൾ വെട്ടിക്കുറയ്ക്കേണ്ടി വരുമെന്നു സപ്ലൈകോ വൃത്തങ്ങൾ സൂചിപ്പിച്ചു.

## ടാറ്റയുടെ വാഹന പൊളിക്കൽ കേന്ദ്രം ഭുവനേശ്വറിൽ

**ഭുവനേശ്വർ:** ടാറ്റാ മോട്ടോഴ്സിന്റെ റജിസ്റ്റേഡ് വെഹിക്കിൾ സ്ക്രാപ്പിങ് ഫെസിലിറ്റി കേന്ദ്രം (ആർവിഎസ്എഫ് ) ഒഡിഷയുടെ തലസ്ഥാനമായ ഭുവനേശ്വറിൽ പ്രവർത്തനം ആരംഭിച്ചു. 'റീസൈക്കിൾ വിത്ത് റെസ്പെക്ട്' എന്ന് പേരിട്ടിരിക്കുന്ന സ്ക്രാപ്പിങ് കേന്ദ്രത്തിൽ അത്യാധുനിക പരിസ്ഥിതി സൗഹൃദ പ്രക്രിയകളിലൂടെയാണ് വാഹനങ്ങൾ പൊളിക്കുന്നത്. പ്രതിവർഷം 10,000 വാഹനങ്ങൾ വരെ ഇവിടെ പൊളിക്കാനുള്ള സംവിധാനമുണ്ട്. എംപ്രിയോ പ്രീമിയം പങ്കാളികളായി ടാറ്റ മോട്ടോഴ്സ് തന്നെ വികസിപ്പിച്ചെടുത്ത് പ്രവർത്തിപ്പിക്കുന്ന വെഹിക്കിൾ സ്ക്രാപ്പിങ് ഫെസിലിറ്റിയിൽ എല്ലാ ബ്രാൻഡുകളുടെയും വാഹനങ്ങൾ സ്ക്രാപ് ചെയ്യാൻ സാധിക്കും.രാജസ്ഥാനിലാണ് ടാറ്റ ആദ്യ കേന്ദ്രം തുടങ്ങിയത്.സ്ക്രാപ് മെറ്റീരിയലുകളിൽ നിന്ന് പരമാവധി മൂല്യം വേർതിരിച്ചെടുക്കാനാണ് ലക്ഷ്യമിടുന്നത്.

## മെറ്റയ്ക്ക് 115 കോടി പിഴയിട്ട് ഓസ്ട്രേലിയ




മെറ്റയ്ക്ക് ഓസ്ട്രേലിയൻ ഫെഡറൽ കോടതി 115 കോടി രൂപ പിഴ വിധിച്ചു. ഉപയോക്താക്കളുടെ വിവരങ്ങൾ അനുമതിയില്ലാതെ എടുത്തതിനാണു പിഴ. നിലവിൽ മെറ്റ പ്രവർത്തനം അവസാനിപ്പിച്ച ഒനാവോ  എന്ന അനുബന്ധ കമ്പനിക്കാണ് പിഴ.

ഉപയോക്താക്കളുടെ ലൊക്കേഷൻ, ഉപയോഗിക്കുന്ന സ്മാർട്ഫോൺ ആപ്ലിക്കേഷനുകൾ, സമയം തുടങ്ങിയവ കമ്പനിയുടെ പരസ്യതാൽപര്യങ്ങൾക്കായി എടുത്തതിനാണ് പിഴ ഈടാക്കുന്നത്.

## ക്രൂസ് ടൂറിസം സാധ്യത പരിശോധിക്കും

**ന്യൂഡൽഹി:** കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ ആഡംബര കപ്പൽ ടൂറിസത്തിന്റെ (ക്രൂസ്) സാധ്യത കേന്ദ്രം പരിശോധിക്കണമെന്ന് പാർലമെന്റ് സമിതിയുടെ ശുപാർശ. സാംസ്കാരിക, ടൂറിസം, ഗതാഗത മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട സ്ഥിരം സമിതിയുടെ റിപ്പോർട്ടിലാണ് ശുപാർശ.

നിലവിൽ മുംബൈ മാത്രമാണ് ക്രൂസ് ടൂറിസം മേഖലയായി കാര്യമായി പരിഗണിക്കപ്പെടുന്നത്. കേരളം, ഗുജറാത്ത്, ബംഗാൾ, ഗോവ എന്നിവയ്ക്ക് ഈ മേഖലയിൽ വൻ സാധ്യതകളുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

## ഇന്ത്യ 6.1% വളർച്ച നേടുമെന്ന് ഐഎംഎഫ്

ഇന്ത്യയുടെ സാമ്പത്തിക വർഷത്തെ വളർച്ച നിരക്കിൽ 20 ബേസിസ് പോയിന്റ് (0.2%) വർധന വരുത്തി ഐഎംഎഫ്. 5.9 ശതമാനത്തിൽ നിന്ന് 6.1 ശതമാനമായാണു വർധിപ്പിച്ചത്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അവസാന പാദത്തിലെയും ഈ വർഷത്തെ ആദ്യപാദത്തിലെയും വളർച്ച നിരക്ക് ഉയർന്നതോടെയാണ് ഐഎംഎഫ് പ്രതീക്ഷിത നിരക്ക് ഉയർത്തിയത്.ആഗോള സമ്പദ്‌വ്യവസ്ഥയും 0.2% അധികം വളരുമെന്നാണ് ഐഎംഎഫ് റിപ്പോർട്ട്. 2023 ലെ പ്രതീക്ഷിത വളർച്ച നിരക്ക് 2.8 ശതമാനത്തിൽ നിന്ന് 3 ശതമാനമായാണ് ഉയർത്തിയത്



# ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ്: അംഗീകാരം പോയത് സർക്കാർ അവഗണന മൂലം



**അമ്പലപ്പുഴ:** കേരളത്തിലെ നാലാമത്തേതും 50 വർഷത്തെ പാരമ്പര്യമുള്ളതുമായ ആലപ്പുഴ മെഡിക്കൽ കോളജിലെ 150 മെഡിക്കൽ സീറ്റുകളുടെ അംഗീകാരം നഷ്ടമായത് സർക്കാരിൻറെ അവഗണന മൂലമെന്ന് ആരോപണം.

ദേശീയ മെഡിക്കൽ കമ്മീഷനാണ് വേണ്ടത്ര സൗകര്യങ്ങളില്ലെന്നു ചൂണ്ടിക്കാട്ടി അംഗീകാരം റദ്ദാക്കിയത്. കാലാകാലങ്ങളിൽ സംഘടന നൽകിയ മുന്നറിയിപ്പുകൾ സർക്കാർ അവഗണിച്ചതുകൊണ്ടാണ് ഈ അവസ്ഥ വന്നതെന്നു കെജിഎംസിടിഎ സംസ്ഥാന ഭാരവാഹികൾ പ്രസ്താവനയിൽ കുറ്റപ്പെടുത്തി.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഇപ്പോഴും 1962ലെ സ്റ്റാഫ് പാറ്റേൺ ആണ് പിന്തുടരുന്നത്. ഇക്കാലയളവിൽ ആദ്യകാല മെഡിക്കൽ കോളജുകളിലൊക്കെ ചികിത്സാ സൗകര്യങ്ങൾ പതിന്മടങ്ങ് വർധിക്കുകയും ആധുനിക ചികിത്സാരീതികൾ വരികയും ചെയ്തു. എംബിബിഎസ് സീറ്റുകളുടെ എണ്ണവും രണ്ടിരട്ടിയിലധികം വർധിച്ചു. മെച്ചപ്പെട്ട ചികിത്സാ സംവിധാനം ഏർപ്പെടുത്തിയതിനാൽ രോഗികളുടെ എണ്ണവും കൂടി. എന്നാൽ, ആനുപാതികമായി അധ്യാപക അനധ്യാപക തസ്തികകൾ സർക്കാരുകൾ സൃഷ്ടിച്ചില്ല.

ഉള്ള തസ്തികകളിൽ തന്നെ 25 ശതമാനമെങ്കിലും ഒഴിഞ്ഞു കിടക്കുന്നു. അവ നികത്താനും പ്രമോഷൻ നടത്താനും കാലതാമസം നേരിടുകയാണ്. ഇപ്പോൾത്തന്നെ അമിതജോലിഭാരമാണ്. ജില്ലകളിലെല്ലാം പുതിയ മെഡിക്കൽ കോളജുകൾ ആരംഭിച്ച വേളയിലും ഇക്കാര്യം ചൂണ്ടിക്കാട്ടിയിരുന്നു.

മെച്ചപ്പെട്ട ചികിത്സാ സൗകര്യമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിനു സൂപ്പർസ്പെഷാലിറ്റി ആശുപത്രികൾ വേണ്ടതെന്നും നിർദേശിച്ചിരുന്നു. എന്നാൽ, അതൊന്നും ചെവികൊള്ളാതെ യാതൊരു വിധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാതെ നാമമാത്രമായ ഡോക്ടർ, നഴ്സിംഗ്, പാരമെഡിക്കൽ സ്റ്റാഫുമാരെ നിയമിച്ചു മെഡിക്കൽ കോളജുകൾ ആരംഭിച്ചു. ഇതു പ്രശ്നം സൃഷ്ടിക്കുമെന്നും ആവശ്യത്തിനു ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കണമെന്നുമുള്ള നിർദേശം പക്ഷേ, അധികാരികൾ ഗൗനിച്ചില്ല.

രോഗികളുടെ ജീവനും വിദ്യാർഥികളുടെ ഭാവിയും നശിപ്പിക്കുന്ന ഇത്തരം നടപടികളോടുള്ള എതിർപ്പ് പലവട്ടം അറിയിച്ചിരുന്നു. എന്നാൽ, ഭീഷണിപ്പെടുത്തിയും സമ്മർദം ചെലുത്തിയും ഡോക്ടർമാരുടെ കൂട്ട സ്ഥലംമാറ്റങ്ങൾ നിരവധിത്തവണ ആവർത്തിക്കപ്പെട്ടു. അത്തരം പ്രവൃത്തികളുടെ അനന്തരഫലമാണ് ഇപ്പോൾ ആലപ്പുഴ മെഡിക്കൽ കോളജിൽ സംഭവിച്ചത്.

പുതിയ മെഡിക്കൽ കോളജുകളിൽ തുടർന്നു വരുന്ന ഡ്യുവൽ അഡ്മിനിസ്ട്രേഷൻ ഉടൻ നിർത്തലാക്കണം. മെഡിക്കൽ കോളജുകളുടെ വികസനം പ്രവർത്തനം, അംഗീകാരം എന്നിവ വളരെയധികം പ്രതികൂലമായി ബാധിക്കുന്ന ഘടകമാണിത്. ശമ്പളപരിഷ്കരണ കുടിശിക, ഡിഎ കുടിശിക എന്നിവ നൽകുക, മെഡിക്കൽ വിദ്യാഭ്യാസ വിഭാഗത്തിൽ യുവഡോക്ടർമാരെ ആകർഷിക്കാനായി എൻട്രി കേഡറിലെ ശമ്പളപരിഷ്കരണ അപാകതകൾ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങളും കെജിഎംസിടിഎ സംസ്ഥാന അധ്യക്ഷൻ ഡോ. നിർമൽ ഭാസ്കർ, ജനറൽ സെക്രട്ടറി ഡോ. ടി. റോസ്നാരാബീഗം എന്നിവർ ആവശ്യപ്പെട്ടു.

# പഴയ കൊച്ചിപാലം പൊളിച്ചുനീക്കാൻ തീരുമാനം



**ഷൊർണൂർ:** മഴക്കാലം കഴിഞ്ഞാലുടൻ പഴയ കൊച്ചി പാലം പൊളിച്ചുനീക്കാൻ ധാരണ. ഇതോടു കൂടി പോയകാലത്തിൻറെ ഒരവശേഷിപ്പുകൂടി ഓർമയാവും. പാലം പൊളിച്ചുനീക്കാൻ ദർഘാസ് നടപടികൾ ഇതിനകം പൂർത്തിയായിക്കഴിഞ്ഞു. നൂറ്റാണ്ട് പിന്നിട്ട ചരിത്ര അവശേഷിപ്പാണ് ഈ പാലം.

ബ്രിട്ടീഷുകാരുടെ കാലത്ത് നിർമിച്ച പാലത്തിൻറെ അവശേഷിക്കുന്ന ഭാഗങ്ങൾ ഈ കാലവർഷത്തെ അതിജീവിക്കുമോയെന്ന കാര്യവും കണ്ടറിയണം. ഭാരതപുഴക്ക് കുറുകെ തൃശൂർ പാലക്കാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് പഴയ കൊച്ചിൻ പാലം. പാലം പൊളിച്ചുനീക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 43.89 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റാണ് തയ്യാറായിട്ടുള്ളത്.

പിഡബ്ല്യുഡി പാലം വിഭാഗം ചീഫ് എൻജിനീയറുടെ നിർദേശപ്രകാരമാണ് നടപടികൾ പുരോഗമിക്കുന്നത്. കഴിഞ്ഞദിവസങ്ങളിൽ പാലം പൊളിച്ചുനീക്കുകയോ സംരക്ഷിക്കുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് റസിഡൻറ്സ് അസോസിയേഷനുകൾ പൊതുമരാമത്ത് വകുപ്പിന് പരാതി നൽകിയിരുന്നു. മഴക്കാലത്തെ അതിജീവിക്കാനുള്ള ശേഷി പാലത്തിനുണ്ടാകില്ലെന്നും പുഴ മലിനമാകുമെന്നും കാണിച്ചായിരുന്നു പരാതി. പാലം സംരക്ഷിക്കണമെന്നാവശ്യപ്പെട്ടും ഒരുവിഭാഗം രംഗത്തെത്തിയിരുന്നു.

വിനോദസഞ്ചാരകേന്ദ്രമാക്കാനായി പാലത്തിൻറെ ഒരുവശം നിലനിർത്തി ഫൈബർ പാലമാക്കി സംരക്ഷിക്കണമെന്നും ആവശ്യമുയർന്നിരുന്നു. എന്നാൽ പാലം പൂർണമായി നീക്കംചെയ്യാനാണ് നിലവിലെ തീരുമാനം.കൊച്ചി രാജാവ് രാമവർമ ബ്രിട്ടീഷ് സർക്കാരിന് 84 ലക്ഷം രൂപ കൈമാറി നിർമിച്ച പാലമാണിതെന്നാണ് ചരിത്രം. റെയിൽവേ പാളവും റോഡും ഉണ്ടായിരുന്ന പാലമാണിത്.

## മലയോര ഹൈവേ മൂന്നാംഘട്ടം തുടങ്ങി

**മേരികുളം:** മലയോര ഹൈവേയുടെ മൂന്നാംഘട്ട നിർമാണ പ്രവർത്തനോദ്ഘാടനം നടത്തി. മേരികുളം മുതൽ ചപ്പാത്ത് വരെയുള്ള ഭാഗത്തെ നിർമാണ പ്രവർത്തനങ്ങളാണ് ആരംഭിക്കുന്നത്. കുട്ടിക്കാനം മുതൽ ചപ്പാത്ത് വരെയുള്ള മേഖലയുടെ പണികൾ പൂർത്തിയായതോടെ കട്ടപ്പനയിൽ നിന്നുള്ള രണ്ടാംഘട്ട നിർമാണങ്ങൾ ഏതാനും ആഴ്ചകളായി നടന്നുവരികയാണ്. അതിനിടെയാണ് മൂന്നാംഘട്ട ജോലികൾക്കുകൂടി തുടക്കമായിരിക്കുന്നത്. റോഡിനു വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് ഈ ഭാഗത്ത് തടസ്സങ്ങൾ നിലനിന്നിരുന്നതിനാലാണ് പണികൾ ആരംഭിക്കാൻ വൈകിയത്. മേരികുളത്തു മണ്ണുപണികൾക്കാണു തുടക്കമായിരിക്കുന്നത്.

മൂന്നാംഘട്ട നിർമാണ പ്രവർത്തനോദ്ഘാടനം വാഴൂർ സോമൻ എംഎൽഎ നിർവഹിച്ചു. കെആർഎഫ്ബി ഇടുക്കി എക്സിക്യൂട്ടീവ് എൻജിനീയർ മിനി മാത്യു, അസിസ്റ്റൻറ് എൻജിനീയർ ആർ.സ്മിത, അസിസ്റ്റൻറ് എൻജിനീയർ ടെസി തോമസ്, സൈറ്റ് എൻജിനീയർ അഖിൽ വി.നായർ, പ്രോജക്ട് മാനേജർ സി.ആർ. ഷിജോ, അയ്യപ്പൻ കോവിൽ പഞ്ചായത്ത് പ്രസിഡൻറ് ജെയ്മോൾ ജോൺസൻ, വൈസ് പ്രസിഡൻറ് ജോമോൻ വെട്ടിക്കാലായിൽ തുടങ്ങിയവർ പങ്കെടുത്തു.

## റംബുട്ടാൻ മോഷണം; കർഷകർക്കു വൻ നഷ്ടം



**പരിയാരം:** മേഖലയിൽ വൻ തോതിൽ റംബുട്ടാൻ മോഷണം പോകുന്നു. കഴിഞ്ഞ ദിവസങ്ങളിൽ പരിയാരം, വേളൂക്കര, തൂമ്പാക്കോട്, കാഞ്ഞിരപ്പിള്ളി പ്രദേശങ്ങളിൽ മോഷ്ടാക്കൾ രാത്രി കവർച്ച നടത്തിയിരുന്നു.കിലോയ്ക്ക് 200 രൂപയോളം വില ലഭിക്കുന്ന വിദേശ, നാടൻ ഇനങ്ങളിലുള്ള പഴങ്ങൾ കൊണ്ടുപോകുന്നതു വഴി കർഷകർക്കു വൻ നഷ്ടമാണ് ഉണ്ടാകുന്നത്. ഒരു കർഷകന്റെ മാത്രം നൂറു കിലോയിലധികം റംബുട്ടാൻ പഴം നഷ്ടപ്പെട്ടു.

വി.സി. തോമസ്, എം.എ. ഡേവിസ്, എം.എൽ. യോഹന്നാൻ, എം.എ. ജോൺസൻ, ടെനി തോമസ്, എം.എ. ഫ്രാൻസിസ് എന്നിവരുടെ പറമ്പുകളിലെ ഭൂരിഭാഗം മരങ്ങളിലെയും റംബുട്ടാൻ മോഷണം പോയി. ചാലക്കുടി പൊലീസ് സ്റ്റേഷനിൽ പരാതി നൽകി.അവധി ദിവസങ്ങളിൽ അതിരപ്പിള്ളി റോഡിൽ വഴിയോരത്ത് വിൽപന നടത്തുന്നവരിൽ ചിലരെ സംശയമുണ്ടെന്നാണു കർഷകർ പറയുന്നത്. റംബുട്ടാൻ പഴക്കൃഷിക്കു പേരുകേട്ട സ്ഥലമാണ് പരിയാരം. വിനോദസഞ്ചാരികൾ ഉൾപ്പെടെ ഒട്ടേറെപ്പേർ ആവശ്യക്കാരായി എത്താറുണ്ട്. മേഖലയിൽ നിന്നു കയറ്റുമതിയും നടക്കുന്നുണ്ട്.

## പെരിങ്ങൽകുത്ത് ഡാമിലെ ജലനിരപ്പ് താഴ്ന്നു

**അതിരപ്പിള്ളി:** വൃഷ്ടി പ്രദേശങ്ങളിൽ മഴയുടെ തോതു കുറഞ്ഞതോടെ പെരിങ്ങൽകുത്ത് ഡാമിലെ ജലനിരപ്പ് താഴ്ന്നു. ഇന്നലെ അഞ്ചും ആറും അടി വീതം തുറന്ന 5 ഷട്ടറുകളും സംഭരണം കുറഞ്ഞതോടെ 3 അടിയായി ചുരുക്കി. നിലവിൽ ഡാമിലെ ജലനിരപ്പ് 423.2 മീറ്ററാണ്. ചൊവ്വ വൈകിട്ട് നാലോടെ ഡാമിൽ 423.75 മീറ്റർ വരെ വെള്ളം ഉയർന്നിരുന്നു. ഇതേത്തുടർന്ന് ഉച്ചയ്ക്കു 12 മുതൽ വൈകിട്ട് 5 വരെയുള്ള സമയങ്ങളിൽ 5 ഷട്ടറുകളും വിവിധ ഘട്ടങ്ങളിലായി 6 അടി വരെ തുറന്ന് അധിക ജലം ചാലക്കുടി പ്പുഴയിലേക്ക് ഒഴുക്കി.



പരമാവധി സംഭരണ ശേഷിയായ 424 മീറ്ററിലേക്കു ജലനിരപ്പ് ഉയർന്ന സാഹചര്യത്തിലാണ് ജില്ലാ ഭരണകൂടത്തിന്റെ നിർദേശ പ്രകാരം മുൻകരുതൽ നടപടികൾ ആരംഭിച്ചത്. പെരിങ്ങൽകുത്ത് ഡാമിൽ ജലനിരപ്പ് ഉയർന്നതോടെ വാച്ചുമരം കനാലിലൂടെ ഇടമലയാർ ഡാമിലേക്ക് ഒഴുക്ക് ആരംഭിച്ചു.3 ദിവസം തുടർച്ചയായി തോരാതെ പെയ്ത മഴ ഇന്നലെ പകൽ നേരിയ തോതിൽ ഇടവിട്ടു പെയ്തു. ഇന്നലെ മേഖലയിൽ 135 മില്ലീ മീറ്റർ മഴ ലഭിച്ചതായി ഡാം സുരക്ഷാ വിഭാഗം അറിയിച്ചു. മഴയ്ക്കു ശമനമായതോടെ ചാലക്കുടിപ്പുഴയിലും ഒഴുക്ക് കുറഞ്ഞു. പെരിങ്ങൽകുത്ത് പവർഹൗസിൽ പൂർണതോതിൽ വൈദ്യുതോൽപാദനം



# ട്രോളിങ് നിരോധനം അവസാനിക്കുന്നു; മത്സ്യബന്ധന ഒരുക്കം തുടങ്ങി ബോട്ടുകാർ

**ബേപ്പൂർ:** 52 ദിവസം നീണ്ട ട്രോളിങ് നിരോധനം അവസാനിക്കാനിരിക്കെ മത്സ്യബന്ധന ഹാർബർ വീണ്ടും സജീവമാകുന്നു. ഫിഷറീസ് വകുപ്പിൽ നിന്നു അനുമതി ലഭിച്ചതോടെ ഹാർബർ ജെട്ടിയിലും കരുവൻതിരുത്തി, കക്കാടത്ത്, ചീർപ്പ് പാലം എന്നിവിടങ്ങളിലും നിർത്തിയിട്ടിരുന്ന ബോട്ടുകൾ കടലിൽ പോകാൻ ഒരുക്കങ്ങൾ തുടങ്ങി. ജൂൺ 9നു അർധരാത്രി തുടങ്ങിയ 52 ദിവസത്തെ ട്രോളിങ് നിരോധനം 31നു അർധരാത്രിയാണ് അവസാനിക്കുന്നത്. അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി എത്തിച്ച ബോട്ടുകളിൽ ഡീസൽ, വെള്ളം, ഐസ്, ഭക്ഷ്യവസ്തുക്കൾ എന്നിവ നിറച്ചു തുടങ്ങി.

ബോട്ടുകളിൽ പുതിയ വലയും ബോർഡ്, ജിപിഎസ്, വയർലെസ്, എക്കോസൗണ്ടർ തുടങ്ങിയ ഉപകരണങ്ങളും ക്രമീകരിക്കുന്നതിന്റെ തിരക്കാണ് ഹാർബറിൽ. ബേപ്പൂർ ഹാർബർ കേന്ദ്രീകരിച്ചു ചെറുതും വലുതുമായി 631 യന്ത്രവൽകൃത ബോട്ടുകൾ മത്സ്യബന്ധനത്തിനു പോകുന്നുണ്ട്. ഇവ ഒന്നിച്ചു നിർത്തിയിടാൻ ഹാർബറിൽ ജെട്ടി സൗകര്യം ഇല്ല. ഹാർബറിലെ അസൗകര്യം പരിഗണിച്ച് 25 മുതൽ ഡീസൽ നിറയ്ക്കാൻ അനുമതി ആവശ്യപ്പെട്ട് ബോട്ടുടമകൾ കലക്ടർക്ക് കത്തു നൽകിയിരുന്നു.

ഒരു ബോട്ടിൽ ഡീസലും വെള്ളവും ഐസും നിറയ്ക്കാൻ കുറഞ്ഞതു 3 മണിക്കൂർ വരും. 31നു മുൻപ മുഴുവൻ ബോട്ടുകളിലും ഇന്ധനം നിറയ്ക്കാൻ കഴിയില്ലെന്നു സൂചിപ്പിച്ചാണ് ബോട്ടുടമകൾ കലക്ടറെ സമീപിച്ചത്. തുടർന്നാണു അനുമതി ലഭ്യമായത്.

കടലിൽ മത്സ്യസമ്പത്ത് വർധിച്ച് യഥേഷ്ടം മീൻ ലഭിക്കുമെന്ന ആത്മവിശ്വാസത്തോടെയാണ് മത്സ്യത്തൊഴിലാളികൾ കടലിലിറങ്ങാൻ തയാറെടുക്കുന്നത്.

മത്സ്യങ്ങളുടെ പ്രജനന കാലമായ മൺസൂണിൽ ആഴക്കടൽ മത്സ്യബന്ധനം തടഞ്ഞ് മത്സ്യസമ്പത്ത് വർധിപ്പിക്കാൻ ഉദ്ദേശിച്ചാണ് ട്രോളിങ് നിരോധനം നടപ്പാക്കുന്നത്.

# കോഴിക്കോട് റെയിൽവേ സ്റ്റേഷൻ വികസനം; ഊരാളുങ്കലും രംഗത്ത്

**കോഴിക്കോട്:** വിമാനത്താവള നിലവാരത്തിൽ സൗകര്യങ്ങളൊരുക്കാൻ ലക്ഷ്യമിട്ട് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ നടപ്പാക്കുന്ന 444.75 കോടി രൂപയുടെ വികസനപദ്ധതിയുടെ കരാർ ഏറ്റെടുക്കാൻ 7 കമ്പനികൾ രംഗത്ത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയും (യുഎൽസിസിഎസ്) ഈ പദ്ധതിയുടെ കരാറിനായി ടെൻഡർ സമർപ്പിച്ചിട്ടുണ്ട്.



റെയിൽവേയുടെ എറണാകുളം ചീഫ് എൻജിനീയർ (കൺസ്ട്രക്ഷൻ) ഓഫിസ് ജൂൺ 27ന് ആണ് കേരളത്തിലെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷൻ വികസന പദ്ധതിക്കായി ടെൻഡർ ക്ഷണിച്ചത്. 3 വർഷം കൊണ്ട് പ്രവൃത്തി പൂർത്തിയാക്കാൻ കഴിവുള്ള വ്യക്തികൾക്കോ സംയുക്ത സംരംഭകർക്കോ ഓഗസ്റ്റ് 31 വരെ ടെൻഡർ സമർപ്പിക്കാൻ സമയമുണ്ട്. കഴിഞ്ഞ ദിവസം എറണാകുളത്ത് നടന്ന പ്രീബിഡ് കോൺഫറൻസിൽ ഇതിനോടകം ടെൻഡർ സമർപ്പിച്ച കരാറുകാർ റെയിൽവേ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. തുടർന്ന് ഏതാനും കരാറുകാർ കോഴിക്കോട്ടെത്തി സ്റ്റേഷൻ പരിസരവും പദ്ധതി വിശദാംശങ്ങളും നേരിട്ടു കണ്ടു മനസ്സിലാക്കി.

അലഹാബാദ് റെയിൽവേ സ്റ്റേഷൻ 970 കോടി രൂപ ചെലവിൽ നവീകരിക്കുന്ന പദ്ധതി ഏറ്റെടുത്ത കമ്പനി ഉൾപ്പെടെ ഇതിനോടകം ടെൻഡർ സമർപ്പിച്ചവരിൽ ഉൾപ്പെടും. 2 ഘട്ടങ്ങളായാണ് കരാറുകാരെ വിലയിരുത്തുന്നത്. ടെക്നിക്കൽ ബിഡ് പരിശോധിച്ച് ഈ പ്രവൃത്തി ഏറ്റെടുക്കാനാവശ്യമായ സാങ്കേതിക യോഗ്യതയുള്ളവരെ മാത്രമേ കൊമേഴ്സ്യൽ ബിഡിലേക്ക് പരിഗണിക്കൂ. സമാനമായ 3 പദ്ധതികളെങ്കിലും ഏറ്റെടുത്തു നടപ്പാക്കിയവരെ മാത്രമാണ് പരിഗണിക്കുന്നത്. അതേസമയം സംയുക്ത സംരംഭകരെയും പരിഗണിക്കുമെന്ന സവിശേഷതയുമുണ്ട്. ഓഗസ്റ്റ് 31നു ശേഷം ടെൻഡർ തുറന്നാൽ പിന്നീട് 3 മാസത്തിനകം കരാർ ഉറപ്പിച്ചേക്കാം.

# നിയമസഭാ സമിതിയോഗം ഓഗസ്റ്റ് ഒന്നിന് കൊല്ലത്ത്

**കൊല്ലം:** കേരള നിയമസഭയുടെ മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി, ഓഗസ്റ്റ് ഒന്നിനു രാവിലെ 11ന് കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. കൊല്ലം ജില്ലയിൽ നിന്ന് സമിതിക്ക് ലഭിച്ച വിവിധ പരാതികളിന്മേൽ തദ്ദേശ സ്വയംഭരണം, ആരോഗ്യകുടുംബക്ഷേമം, റവന്യൂ, സാമൂഹ്യനീതി, ആയുഷ്, ആഭ്യന്തരം എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തും. മുതിർന്ന പൗരന്മാർക്കായി ഏർപ്പെടുത്തിയിട്ടുള്ള വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും മുതിർന്ന പൗരന്മാരിൽ നിന്നും വയോജനസംഘടനകളിൽ നിന്നും പരാതികൾ സ്വീകരിക്കുകയും ചെയ്യും. തുടർന്ന് കൊല്ലം ജില്ലാ ആശുപത്രി സന്ദർശിക്കും.

സമിതി മുമ്പാകെ പരാതി സമർപ്പിക്കാൻ താല്പര്യമുള്ള വ്യക്തികൾക്കും സന്നദ്ധ സംഘടനാ പ്രതിനിധികൾക്കും യോഗത്തിൽ ഹാജരായി സമിതി അദ്ധ്യക്ഷനെ അഭിസംബോധന ചെയ്ത് പരാതി രേഖാ മൂലം സമർപ്പിക്കാമെന്നു നിയമസഭാ സെക്രട്ടറി അറിയിച്ചു.

# അഞ്ച് പേറ്റന്റുകൾ: പൂജപ്പുര എൽ ബി എസ് കോളജിന് വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ ആദരം

**പൂജപ്പുര:** വിവിധ വിഷയങ്ങളിലെ ഗവേഷണങ്ങൾക്ക് അഞ്ച് പേറ്റന്റുകൾ സ്വന്തമാക്കിയ പൂജപ്പുര എൽ.ബി.എസ് കോളജിലെ കമ്പ്യൂട്ടർ വിഭാഗം അസി. പ്രൊഫ. ഡോ. ലിസി എബ്രഹാം, ഇലക്ട്രോണിക്സ് വിഭാഗം അസി. പ്രൊഫ ഡോ രാജവർമ്മ പമ്പ, കമ്പ്യൂട്ടർ വിഭാഗം അസി. പ്രൊഫ നീതി നാരായണൻ ഇലക്ട്രോണിക്സ് വിഭാഗം അസി. പ്രൊഫ ഡോ. രശ്മി. ആർഎന്നിവരെ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ആസ്ഥാനത്ത് ആദരിച്ചു. പേറ്റന്റ് നടിയവരെ കമ്മീഷൻ ചെയർമാൻ ടി.കെ ജോസ് പൊന്നാടയും മൊമെന്റോയും നൽകി ആദരിച്ചു.

ബ്ലോക്ക് ചെയിൻ ഉപയോഗിച്ച് ഫലപ്രദമായ മെഡിക്കൽ സപ്ലൈ മാനേജ്മെന്റിനുള്ള രീതിയും യന്ത്ര പഠനവും എന്ന വിഷയത്തിനാണ് പ്രൊഫ. രാജവർമ്മ പമ്പയ്ക്ക് ആദ്യ പേറ്റന്റ് ലഭിച്ചത്. ഗുണനിലവാരം കുറഞ്ഞ വ്യാജ മരുന്നുകളെ തടയാൻ ഈ സംവിധാനം ഉപയോഗിക്കാം. മൈക്രോ ഡ്രോൺ ഉപയോഗിച്ച് മുഖം തിരിച്ചറിയുന്നതിനുള്ള സംവിധാന രീതിക്കാണ് രണ്ടാമത്തെ പേറ്റന്റും അദ്ദേഹത്തിനു ലഭിച്ചത്.

യന്ത്രങ്ങൾ ഉപയോഗിച്ച് പഴങ്ങളുടെയും വിത്തുകളുടെയും സംസ്കരണം നടത്തുന്നതിനുള്ള പേറ്റന്റാണ് പ്രൊഫ.നീതി നാരായണൻ സ്വന്തമാക്കിയത്. നാനോ ടെക്നോളജി അടിസ്ഥാനമാക്കിയുള്ള ആൻഡ് മൈക്രോബിയൽ ബാന്റേജ് നിർമാണത്തിനാണ് ഡോ. രശ്മി ആർ പേറ്റന്റ് നേടിയത്. മുറുവിലുള്ള സൂക്ഷ്മാണുക്കളുടെ വളർച്ച തടയുന്നതിന് ഉപയോഗിക്കുന്ന ബാന്റേജ് വിതരണം ചെയ്യുന്ന ഉപകരണമാണിത്.

നിർമാണ വ്യവസായത്തിലെ മെക്കാനിക്കൽ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ നിർമിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള റോബോട്ടിക്സിൽ ആണ് ഡോ. ലിസി അബ്രഹാം പേറ്റന്റ് നേടിയത്. കെ.എസ്.ഇ.ആർ.സി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ കോളജ് പ്രിൻസിപ്പാൾ ജയമോഹൻ, കമ്മീഷൻ മെമ്പർമാരായ ബി. പ്രദീപ്, എ.ജെ.വിൽസൺ, സെക്രട്ടറി സി.ആർ സതീഷ് ചന്ദ്രൻ, മറ്റു ജീവനക്കാർ തുടങ്ങിയവരും പങ്കെടുത്തു.

# മത്സ്യബന്ധനയാനങ്ങളുടെ ഭൗതിക പരിശോധന 31 വരെ

**കൊല്ലം:** ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്ത ജില്ലയിലെ യന്ത്രവത്കൃത യാനകളുടെ പരിശോധന 31 വരെ നടക്കും. മത്സ്യബന്ധന യാനകളുടെ രജിസ്ട്രേഷൻ സോഫ്റ്റ്വെയറായ റിയൽ ക്രാഫ്റ്റ് അപ്ഡേറ്റ് ചെയ്യുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പാണ് പരിശോധന നടത്തുന്നത്.

നിലവിൽ 1940 മെക്കനൈസ്ഡ് യാനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇത്രയും യാനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടെത്തിയിരുന്നു. യന്ത്രവത്കൃത മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കുന്നതിനും നിലവിലെ യാനകളുടെ കൃത്യമായ വിവരശേഖരണം നടത്തേണ്ടതുണ്ട്. ജൂലൈ 31 വരെ നടക്കുന്ന പരിശോധനയിൽ ബോട്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ലൈസൻസ്, യാന ഉടമയുടെയും സ്രാങ്കിന്റെയും തൊഴിലാളികളുടെയും ആധാർ, സ്രാങ്ക് ലൈസൻസ് എന്നിവ നൽകണം. ഭൗതിക പരിശോധന പൂർത്തിയായതായി ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ ബോട്ടുകളെ മാത്രമേ ട്രോളിങ് നിരോധനത്തിന് ശേഷം മത്സ്യബന്ധനത്തിന് പോകാൻ അനുവദിക്കൂവെന്നും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## ദ്വിദിന ദേശീയ സിമ്പോസിയം: ഉദ്ഘാടനം അടൂർ ഗോപാലകൃഷ്ണൻ

**കൊച്ചി :** ദേശീയ വിദ്യാഭ്യാസ നയം ആർക്കിടെക്റ്റർ എഡ്യുക്കേഷനിൽ എന്ന വിഷയത്തിൽ കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സിമ്പോസിയം ഇന്നും നാളെയും.

വൈറ്റില ആസാദി ക്യാംപസിലെ കൂത്തമ്പലത്തിൽ നടക്കുന്ന സിമ്പോസിയം ഇന്ന് രാവിലെ 10ന് ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. മുൻ ഇന്ത്യൻ അംബാസിഡർ ടി പി ശ്രീനിവാസൻ മുഖ്യ അതിഥിയാകും. ആർക്കിടെക്റ്റർ മേഖലയിലെയും വിദ്യാഭ്യാസ മേഖലയിലെയും രാജ്യത്തെ പ്രമുഖർ സിമ്പോസിയത്തിൽ പ്രഭാഷണം നടത്തും.



## നെല്ല് വിളയാൻ വൈകി; പുഞ്ചക്കൊയ്ത്ത് മുടങ്ങി

**തരുവണ:** നെല്ല് വിളയാൻ വൈകിയതു കർഷകരെ ആശങ്കയിലാക്കുന്നു. പാലിയാണ പാടശേഖരത്തിലെ 2 ഏക്കർ സ്ഥലത്താണ് നെൽക്കൃഷി ഇപ്പോൾ വിളഞ്ഞ അവസ്ഥയിലുള്ളത്. കനത്ത മഴ തുടരുന്നതിനാൽ വിളവെടുക്കാനാവാതെ വിളവു നശിച്ചു തുടങ്ങിയതാണു കർഷകരെ ആശങ്കയിലാക്കിയത്.

പ്രദേശത്തെ പാടശേഖരങ്ങളിൽ നഞ്ച കൃഷി വിളവെടുപ്പ് വൈകിയതാണു പുഞ്ചക്കൃഷിയെ ബാധിച്ചത്. യുവ കർഷകരായ തോമസ് കരിന്തോളിൽ, സിനോജ് പേര്യകൊട്ടിൽ, ബേബി വെണ്ടർമാലിൽ, രാജീവൻ തരിപ്പോട്ടുമ്മൽ, കെ. സജീവൻ എന്നിവർ സ്വകാര്യ വ്യക്തിയുടെ സ്ഥലം പാട്ടത്തിന് എടുത്ത് നടത്തിയ കൃഷിയാണിത്.

വിളവെടുപ്പിനു വേണ്ടി കൊയ്ത്തു യന്ത്രം എത്തിക്കാൻ ശ്രമിച്ചെങ്കിലും വിളവെടുപ്പ് സാധ്യമായില്ല. മഴ വീണ്ടും ശക്തമായാൽ സമീപത്തെ കക്കടവ് പുഴ കര കവിയുമെന്നതിനാൽ വിളവെടുക്കാൻ പാകമായ കൃഷി പൂർണമായും നശിക്കുമെന്ന ആശങ്കയിലാണു കർഷകർ.

## ചവറ ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം

**ചവറ:** ആയുർവേദ ആശുപത്രിക്ക് സ്വന്തമായി പുതിയ കെട്ടിടം ഒരുങ്ങുന്നു. സുജിത്ത് വിജയൻപിള്ള എം എൽ എയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 80 ലക്ഷം രൂപ ചെലവഴിച്ചാണ് ഭരണിക്കാവിൽ കെട്ടിടം നിർമിച്ചത്. രണ്ടു വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആശുപത്രിക്ക് ആധുനിക രൂപകല്പനയിലാണ് നിർമാണം.

നിലവിൽ പ്രസവാനന്തര ചികിത്സ, വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി വയോജനമിത്രം, പാലിയേറ്റീവ് കെയർ, ആയുർവേദ പഞ്ചകർമ ചികിത്സകൾ നൽകുന്നു. പരിശോധനാമുറി, ഫാർമസി, ഓഫീസ്, കിച്ചൻ, സ്റ്റോർ റൂം എന്നീ സൗകര്യങ്ങളും ക്രമീകരിച്ചിട്ടുണ്ട്. പുതിയ കെട്ടിടം തുറക്കുന്നതോടെ ആശുപത്രി ആയുഷ് വെൽനെസ് സെന്ററായി ഉയരും. സംസ്ഥാന സർക്കാരിന്റെ ആയൂർ കർമ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ആദ്യ പൈലറ്റ് പ്രൊജക്റ്റായ പഞ്ചകർമ ചികിത്സാകേന്ദ്രവും ഇവിടെ സജ്ജമാക്കിയിട്ടുണ്ട്.

## കാവാലം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ വിവിധ തസ്തികകളിൽ നിയമനം

**ആലപ്പുഴ:** കാവാലം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, ഫിറ്റിംഗ്), ഇലക്ട്രിക്കൽ വർഷോപ്പ് ഇൻസ്ട്രക്ടർ എന്നീ തസ്തികകളിലെ താത്ക്കാലിക ഒഴിവിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.

ട്രേഡ്സ്മാൻ തസ്തികയിലേക്ക് ആവശ്യമായ യോഗ്യതയുള്ളവർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പും സഹിതം ഓഗസ്റ്റ് 4ന് രാവിലെ 10.30ന് സ്കൂൾ ഓഫീസിൽ അഭിമുഖത്തിനായി എത്തണം.

ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ ത്രിവത്സര ഡിപ്ലോമ/തത്തുല്യ യോഗ്യതയുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസലും പകർപ്പും സഹിതം ഓഗസ്റ്റ് മൂന്നിന് രാവിലെ 10.30ന് ഇലക്ട്രിക്കൽ വർഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്കുള്ള അഭിമുഖത്തിനായി സ്കൂൾ ഓഫീസിൽ എത്തണം. ഫോൺ: 0477 2748069.



# ഇടയിലെക്കാട് കാവ് ജൈവവൈവിധ്യ പൈതൃക പ്രദേശമാകും

**തൃക്കരിപ്പൂർ:** വലിയപറമ്പ് പഞ്ചായത്തിലെ ഇടയിലെക്കാട് കാവ് ജൈവവൈവിധ്യ പൈതൃക പ്രദേശമായി വിജ്ഞാപനം ചെയ്യുന്നതിനു തുടർ നടപടികളാകുന്നു. ഇന്നലെ ചേർന്ന മന്ത്രിസഭായോഗം ഇതുസംബന്ധിച്ച് തീരുമാനമെടുത്തു. കഴിഞ്ഞ ഇടതുമുന്നണി സർക്കാരിന്റെ തുടക്കത്തിലാണ് ഇടയിലെക്കാട് കാവ് ജൈവവൈവിധ്യ പഠനകേന്ദ്രമാക്കാനുള്ള നടപടികൾ തുടങ്ങിയത്. വർഷങ്ങൾ നീണ്ട ജൈവവൈവിധ്യ സർവേ, റിപ്പോർട്ട് തയാറാക്കൽ, ജനസഭ തുടങ്ങിയ നടപടികൾക്കു ശേഷമാണു മന്ത്രിസഭ തുടർ നടപടികൾക്കായി തീരുമാനമെടുത്തത്. ജൈവവൈവിധ്യ ബോർഡ് കാവ് സംരക്ഷണം സംബന്ധിച്ച നിർദേശങ്ങൾ സർക്കാരിനു സമർപ്പിച്ചിരുന്നു.

സംസ്ഥാനത്തെ ജൈവവൈവിധ്യ സമ്പന്നമായ തീരദേശക്കാവുകളിൽ ഏറ്റവും വിസ്തൃതിയേറിയ കാവുകളിലൊന്നായ ഇടയിലെക്കാട് കാവ് 16 ഏക്കറിലാണു സ്ഥിതി ചെയ്യുന്നത്.

അത്യപൂർവമായ ഓരിലത്താമര കാവിലുണ്ട്. ഔഷധ പ്രാധാന്യമുള്ള നെർവീലിയ പ്രൈനിയാന, നെർവീലിയ ഇൻഫുൻഡിബൈഫോളിയ എന്നീ 2 അപൂർവ ഓരിലത്താമരകളാണു കാവിനെ സമ്പന്നമാക്കുന്നത്. കടൽപ്പരുന്തിന്റെ ആവാസ കേന്ദ്രമാണിത്. നീർപക്ഷികളും കാട്ടുപക്ഷികളും ഉൾപ്പെടെ എൺപതിലേറെ പക്ഷികളെ ഇവിടെ കണ്ടെത്തിയിട്ടുണ്ട്. മനുഷ്യരോട് ഏറ്റവും ഇണക്കമുള്ള വാനരക്കൂട്ടമാണ് കാവിന്റെ മറ്റൊരു സമ്പത്ത്.

40ൽ പരം വാനരന്മാർ കാവിലുണ്ട്. പരമ്പരാഗത ആയുർവേദ ചികിത്സയിൽ ഉപയോഗിക്കുന്ന ഒട്ടേറെ നാട്ടു മരുന്നുകൾ ഇവിടെ നിന്നു ശേഖരിക്കാറുണ്ട്. ചൂരൽക്കാടുകളും ഇതിനകത്തുണ്ട്. നായുരുപ്പ് കാവിലെ പ്രധാന മരമാണ്. വെള്ളപൈൻ, ചേര്, വങ്കണ, കാഞ്ഞിരം, ഇലിപ്പ, ഇലഞ്ഞി, കരിങ്ങോട്ട തുടങ്ങിയവയും പ്രധാനമാണ്. തുരുത്ത് മുഴുവൻ കണ്ടൽക്കാടുകൾ കൊണ്ടു നിറയുകയും ഇവ ഇടത്തരം വൃക്ഷങ്ങളുടെ വലിപ്പത്തിലുണ്ടായിരുന്നതിനാലുമാണ് ഇടയിലക്കാടെന്ന പേര് സിദ്ധിച്ചതെന്ന പഴമയുണ്ട്.

ഉത്തര കേരളത്തിലെ ഏറ്റവും വലിയ ജലസംഭരണിയായ കവ്വായി കായൽ ഇടയിലക്കാട് കാവിനു വട്ടമിട്ടൊഴുകുന്നുവെന്ന പ്രത്യേകതയുണ്ട്.

ജൈവവൈവിധ്യത്തിനൊപ്പം ആചാരാനുഷ്ഠാനങ്ങളും പൈതൃക സമ്പത്തും സംരക്ഷിക്കുന്നതിനുള്ള ഫണ്ടുകൾ അനുവദിക്കുന്നതിനും ഇതോടൊപ്പം നടപടിയാകും.

ദൈവാരാധനയും ഉത്സവ ചടങ്ങുകളും നിലനിൽക്കുന്ന കാവാണിത്. സർക്കാർ നടപടി പൊതുവെ സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്.

# ഒറ്റ ദിവസം കൊണ്ട് 3340 പരിശോധനകൾ നടത്തി ഭക്ഷ്യ സുരക്ഷാ വകുപ്പ്

**തിരുവനന്തപുരം:** സംസ്ഥാന വ്യാപകമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ഒറ്റ ദിവസം കൊണ്ട് 3340 പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 132 സ്പെഷ്യൽ സ്ക്വാഡുകൾ 1500 ലധികം വ്യത്യസ്ത സ്ഥലങ്ങളിലെ ഹോട്ടലുകൾ, ഷവർമ അടക്കമുള്ളവ തയ്യാറാക്കി വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണ് മിന്നൽ പരിശോധന നടത്തിയത്. ഭക്ഷ്യ സുരക്ഷാ പരിശോധനകൾ തുടരും. ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത വർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നു മന്ത്രി വ്യക്തമാക്കി.

ഭക്ഷ്യ സുരക്ഷാ കമ്മീഷണർ വി.ആർ. വിനോദ്, ജോ. കമ്മീഷണർ ജേക്കബ് തോമസ് എന്നിവർ പരിശോധനകൾക്ക് നേതൃത്വം നൽകി. തിരുവനന്തപുരം 392, കൊല്ലം 227, പത്തനംതിട്ട 118, ആലപ്പുഴ 220, കോട്ടയം 230, എറണാകുളം 287, ഇടുക്കി 103, തൃശൂർ 303, പാലക്കാട് 269, മലപ്പുറം 388, കോഴിക്കോട് 333, വയനാട് 76, കണ്ണൂർ 289, കാസർഗോഡ് 105 എന്നിങ്ങനെയാണ് പരിശോധന നടത്തിയത്. ഭക്ഷ്യ സുരക്ഷാ നിയമം പാലിക്കാത്ത 1335 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും 135 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും ഉൾപ്പെടെ 1470 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. ഗുരുതര നിയമലംഘനം നടത്തിയ 25 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. 385 ഷവർമ പരിശോധനകൾ നടത്തി. ആകെ 13 സർവൈലൻസ് സാമ്പിളുകൾ ശേഖരിച്ചു.

ജില്ലാതലത്തിലും, മേഖലാതലത്തിലും സംസ്ഥാനതലത്തിലും കൺട്രോൾ റൂമുകൾ സജ്ജമാക്കിയാണ് പരിശോധനകൾ ഏകോപിപ്പിച്ചത്. ഭക്ഷ്യ സുരക്ഷാ ഓഫീസറുടെ നേതൃത്വത്തിൽ മൂന്നംഗ സംഘമാണ് സ്പെഷ്യൽ സ്ക്വാഡിൽ ഉണ്ടായിരുന്നത്. പരിശോധനകളുടെ വേഗത ഉറപ്പുവരുത്തുന്നതിനായി പരിശോധിക്കേണ്ട വസ്തുതകൾ അടങ്ങിയ ചെക്ക് ലിസ്റ്റ്, പ്രത്യേക റൂട്ട് മാപ്പ് എന്നിവ തയ്യാറാക്കിയിരുന്നു.

സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ പ്രശ്നങ്ങൾ പൂർണമായി ഒഴിവാക്കുക, ഹോട്ടലുകളുടെയും ബേക്കറികളുടെയും ജ്യൂസ് കടകളുടെയും നിലവാരം ഉയർത്തിക്കൊണ്ടുവരിക, എല്ലാവർക്കും പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, സ്ഥാപനങ്ങളിലുള്ള പോരായ്മകൾ സ്ഥാപനത്തിന്റെ നടത്തിപ്പുകാരെ ബോധ്യമാക്കി സ്വയം തിരുത്തലുകൾക്ക് അവരെ സജ്ജമാക്കുക, സ്ഥാപനങ്ങളുടെ പരിസര ശുചിത്വവും വേസ്റ്റ് മാനേജുമെന്റും കുറ്റമറ്റതാക്കുക, സ്ഥാപനങ്ങളിൽ ജോലി നോക്കുന്നവർ ശുചിത്വം പാലിക്കുന്നതിന് അവരെ പര്യാപ്തരാക്കുക, കളറുകളും, ഗുണനിലവാരമില്ലാത്ത എണ്ണകളും ഉപയോഗിക്കുന്നതിൽ നിന്ന് സ്ഥാപനങ്ങളെ പിന്തിരിപ്പിക്കുക തുടങ്ങിയവയാണ് ഇത്തരത്തിൽ സംസ്ഥാന വ്യാപകമായി പരിശോധന നടത്താൻ കാരണം.

# എറണാകുളം ഗവ.മെഡിക്കൽ കോളേജിന് എം.ബി.എഫ്.എച്ച്.ഐ അംഗീകാരം



**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മദർ ബേബി ഫ്രണ്ട്‌ലി ഹോസ്പിറ്റൽ ഇനിഷേറ്റീവ് (എം.ബി. എഫ്.എച്ച്.ഐ )അംഗീകാരം. ദേശീയ ആരോഗ്യ ദൗത്യം നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ച് കൊണ്ട് എറണാകുളം സർക്കാർ മെഡിക്കൽ കോളജ് 94.8% മാർക്കോടെ യാണ് അംഗീകാരം കരസ്ഥമാക്കിയത്.മെഡിക്കൽ കോളേജിലെ ശിശു രോഗ വിഭാഗത്തിന്റെയും സ്ത്രീ രോഗ വിഭാഗത്തിന്റെയും സഹകരണത്തോടെയാണ് അംഗീകാരം നേടാൻ കഴിഞ്ഞത്.കുട്ടികൾക്കു മുലപ്പാൽ നൽകുന്നതിലൂടെ ഉണ്ടാകുന്ന ശാരീരികവും വൈകാരികവുമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും ഗർഭകാലം മുതൽ അമ്മയും കുഞ്ഞും തമ്മിലുള്ള ആത്മബന്ധം ഊട്ടി ഉറപ്പിക്കുന്നതിനും അമ്മക്ക് വേണ്ട മാർഗ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നതാണ് പദ്ധതി. കൃത്രിമ പാൽ കുഞ്ഞുങ്ങൾക്ക് നൽകുന്നതിനോ അവയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പരസ്യങ്ങളെയോ മെഡിക്കൽ കോളേജിൽ അനുവദിക്കുന്നതുമല്ല.കുട്ടി ജനിച്ച് ഉടൻ മുലപ്പാൽ നൽകുന്നതിനുള്ള സജ്ജീകരണം മെഡിക്കൽ കോളേജിൽ ഉറപ്പുവരുത്തുന്നു. എൻ. ഐ. സി. യു വിൽ പ്രവേശിപ്പിക്കപ്പെടുന്ന മാസം തികയാത്ത കുഞ്ഞുങ്ങൾക്ക് പോലും മുലപ്പാൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.ഓഗസ്റ്റ് രണ്ടിന് തിരുവനന്തപുരം മെഡിക്കൽ കോളജിൽ നടക്കുന്ന പ്രത്യേക ചടങ്ങിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യും.ശിശുരോഗ വിഭാഗം മേധാവി ഡോ. ഷിജി ജേക്കബ് എം. ബി. എഫ്. എച്ച്. ഐ നോഡൽ ഓഫീസർ, ശിശുരോഗവിഭാഗം ഡോ.സാജിത അബ്ദുള്ള എന്നിവരുടെയും സ്ത്രീ രോഗ വിഭാഗത്തിലെ എല്ലാ ഡോക്ടർമാരുടെയും ദേശീയ ആരോഗ്യ ദൗത്യം പി.ആർ.ഒ സംഗീത ജോൺ, നഴ്സുമാർ എന്നിവരുടെയും കൂട്ടായ പരിശ്രമത്തിലൂടെയാണ് ഈ നേട്ടം കൈവരിക്കാനായത്.

# ശുചീകരണ തൊഴിലാളികൾക്ക് ശുചിത്വ മിഷൻ ബോധവൽക്കരണ പരിപാടി

**കൊച്ചി:** ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന ശുചീകരണ തൊഴിലാളികൾക്കായി സഫായി കർമ്മചാരി ഡെവലപ്മെന്റ് കോർപ്പറേഷനും കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷനും സംയുക്തമായി നടത്തുന്ന സ്കീമുകളെ കുറിച്ച് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.ജില്ലാ ശുചിത്വമിഷന്റെ നേതൃത്വത്തിൽ ആലുവ മഹാത്മാഗാന്ധി മുൻസിപ്പൽ ടൗൺഹാളിൽ സംഘടിപ്പിച്ച പരിപാടി ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് ഉദ്ഘാടനം ചെയ്തു. മഹത്തായ പ്രവർത്തി ചെയ്തുവരുന്നവരാണ് ശുചീകരണ തൊഴിലാളികൾ. ശുചീകരണ തൊഴിലാളികൾക്കായി കേന്ദ്ര സംസ്ഥാന സർക്കാറുകൾ നടപ്പാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും ആനുകൂല്യങ്ങളെ കുറിച്ചും ബോധവാന്മാരാക്കാൻ ക്ലാസിലൂടെ സാധിക്കുമെന്നും കളക്ടർ പറഞ്ഞു.സഫായി കർമ്മചാരി ദേശീയ കമ്മീഷൻ അംഗം ഡോ.പി.പി വാവ ചടങ്ങിൽ മുഖ്യാതിഥിയായി ബോധവൽക്കരണ ക്ലാസ് നയിച്ചു. ശുചീകരണ തൊഴിലാളികളുടെ സാമൂഹിക ഉന്നമനത്തിനും സാമൂഹ്യ മാറ്റത്തിനുമായി പ്രവർത്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു. സഫായി കർമ്മചാരി ഡെവലപ്മെന്റ് കോർപ്പറേഷനും കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷനും സംയുക്തമായി നടത്തുന്ന സ്കീമുകളെ അദ്ദേഹം പരിചയപ്പെടുത്തി. വിവിധ മേഖലകളിൽ ശുചീകരണ തൊഴിലാളികൾക്ക് ലഭ്യമാകുന്ന അനുകൂല്യങ്ങളെ പരിചയപ്പെടുത്തി. ആരോഗ്യം, ശുചീ




കരണ തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം തുടങ്ങിയ വിവിധ മേഖലകളിൽ കേന്ദ്ര സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.ആലുവ നഗരസഭ ചെയർമാൻ എം.ഒ ജോൺ അധ്യക്ഷത വഹിച്ച ചടങ്ങിൽ സഫായി കർമ്മചാരി സംസ്ഥാന കോ ഓഡിനേറ്റർ ഗോപി കൊച്ചുരാമൻ, ആലുവ ഡി.വൈ.എസ്.പി പി എ. പ്രസാദ് , ശുചിത്വ മിഷൻ ജില്ലാ കോ ഓഡിനേറ്റർ കെ.കെ മനോജ്, ജില്ലാ പട്ടികജാതി വികസന ഓഫീസർ കെ.സന്ധ്യ, ജില്ലാ സാമൂഹ്യനീതി ഓഫീസർ (ഇൻ ചാർജ് )എം.വി സ്മിത, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ശുചീകരണ തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.

## ഭാഗ്യക്കുറി ക്ഷേമനിധി അംഗത്വം പുനസ്ഥാപിക്കാം

**കൊച്ചി:** 2018 മാർച്ച് മുതൽ അംശാദായ അടവ് മുടങ്ങിയതിനാൽ അംഗത്വം റദ്ദായവർക്ക്, അംഗത്വം പുനസ്ഥാപിക്കുന്ന മാസം വരെയുള്ള അംശദായ കുടിശിക തുക പിഴ സഹിതം ഒടുക്കി റദ്ദായ അംഗത്വം പുനസ്ഥാപിക്കുവാൻ ഓഗസ്റ്റ് 26 വരെ അവസരം. റദ്ദായ കാലയളവ് മുതൽ പ്രസ്തുത മാസം വരെ ടിക്കറ്റ് വിറ്റതിന്റെ കണക്കു രേഖപ്പെടുത്തിയ ടിക്കറ്റ്, അക്കൗ ബുക്ക്, അവസാന 3 മാസത്തെ വൗച്ചർ എന്നിവ സഹിതം അംഗങ്ങൾ നേരിട്ടെത്തി റദ്ദായ അംഗത്വം പുനസ്ഥാപിക്കാം. ഇപ്രകാരം അംഗത്വം പുനസ്ഥാപിക്കുന്ന അംഗങ്ങൾക്ക് 2023 ഓണം ബോണസ് ലഭിക്കുകയില്ല.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പാലക്കാട് ജില്ലയിലെ അയലൂർ അപ്ലൈഡ് സയൻസ് കോളേജിൽ(കഞ്ഞള) ബിഎസ്‌സി ഇലക്ട്രോണിക്സ് ബിഎസ്‌സി കംപ്യൂട്ടർ സയൻസ്, ബി കോം കംപ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഈ കോളേജിൽ 50 ശതമാനം സീറ്റ് യൂണിവേഴ്സിറ്റിയും 50 ശതമാനം സീറ്റ് കോളേജുമാണ് മെറിറ്റടിസ്ഥാനത്തിൽ ഫിൽ ചെയ്യുന്നത്. ആദ്യം www.admission.uoc.ac.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ശേഷം കോളേജും കോഴ്സുകളും ഓപ്റ്റ് ചെയ്യുക. കോളേജിന്റെ 50 ശതമാനം സീറ്റിൽ അഡ്മിഷൻ ഢേവർ https://ihrdadmissions.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ശേഷം അപേക്ഷയുടെ പ്രിന്റ് ഈ മാസം 31 തീയതിയ്ക്ക് മുമ്പ് കോളേജിൽ സമർപ്പിയ്ക്കുക. വിശദ വിവരങ്ങൾക്ക് ഫോൺ 91 94477 11279 , 91 94468 29201, 9495069307 8547005029 04923 241 766.

## ജേണലിസം പഠനത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ നടത്തുന്ന ഒരു വർഷത്തെ മാധ്യമ പഠന ബിരുദാനന്തര ബിരുദ ഡിപ്ലോമയുടെ 202324 ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രിന്റ് മീഡിയ ജേണലിസം, ടെലിവിഷൻ ജേണലിസം, സോഷ്യൽ മീഡിയ ജേണലിസം, മൊബൈൽ ജേണലിസം, ഡാറ്റാ ജേണലിസം, ആങ്കറിങ് എന്നിവയിൽ ആണ് പരിശീലനം ലഭിക്കുക. മാധ്യമ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ്, പ്ളേസ്മെന്റ് സഹായം എന്നിവയും നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്കോ, അവസാന വർഷ ബിരുദ ഫലം കാത്തിരിക്കുന്നവർക്കോ അപേക്ഷിക്കാം. അപേക്ഷകൾ ഓഗസ്റ്റ് 10നകം തിരുവനന്തപുരം കെൽട്രോൺ നോളഡ്ജ് കേന്ദ്രത്തിൽ ലഭിക്കണം. അപേക്ഷാ ഫോമിനും വിശദ വിവരങ്ങൾക്കും ഫോൺ 954495 8182. വിലാസം കെൽട്രോൺ നോളഡ്ജ് സെന്റർ, രാം നില, ചെമ്പിക്കളം ബിൽഡിങ്ങ്, ബേക്കറി ജംഗ്ഷൻ, വഴുതക്കാട്, തിരുവനന്തപുരം, 695 014.

## ലേലം

**കൊച്ചി:** കേരള ആംഡ് പോലീസ് 1 ബറ്റാലിയൻ അധീനതയിലുള്ള പോത്താനിക്കാട് ഡിറ്റാച്ച്മെന്റ് ക്യാമ്പ് കെട്ടിടത്തിനടുത്തായി നിൽക്കുന്ന 2 വട്ടമരങ്ങളും (നമ്പർ 6, 7) ഒരു പാലമരവും (നമ്പർ 15) ലേലം ചെയ്യുന്നു. മരങ്ങളുടെ ലേലം ജൂലൈ 29ന് രാവിലെ 11ന് പോത്താനിക്കാട് ഡിറ്റാച്ച്മെന്റ് ക്യാമ്പ് പരിസരത്ത് നടക്കും.

## തൊടുപുഴ അപ്ലൈഡ് സയൻസ് കോളേജ്: ബിരുദാനന്തര ബിരുദ കോഴ്സിലേക്ക് പ്രവേശനം

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യുമൻ റിസാഴ്സസ്സ് ഡവലപ്പ്മെന്റിന്റെ (ഐ.എച്ച്.ആർ.ഡി) കീഴിൽ മഹാത്മ ഗാന്ധി സർവ്വലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള തൊടുപുഴ അപ്ലൈഡ് സയൻസ് കോളേജിൽ (04862 257447, 257811, 8547005047). പുതിയതായി അനുവദിച്ച ബിരുദാനന്തര ബിരുദ കോഴ്സിൽ 202324 അദ്ധ്യയന വർഷത്തിൽ കോളേജുൾക്ക് നേരിട്ട് അഡ്മിഷൻ നടത്താവുന്ന 50 ശതമാനം സീറ്റുകളിൽ ഓൺലൈൻ വഴി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ www.ihrdadmissions.org വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കണം. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും, 1000 രൂപ (എസ്.സി,എസ്.ടി 350 രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ ലഭിക്കേതാണ്. വിശദവിവരങ്ങൾക്ക് ഐ.എച്ച്.ആർ.ഡി വെബ്സൈറ്റായ www.ihrd.ac.in മുഖാന്തിരം ലഭ്യമാണ്.

## ചാവറ കൾച്ചറൽ സെന്ററിൽ 29 ന് കാവ്യാർച്ചന

കൊച്ചി : മലയാളഭാഷയെയും കവിതകളെയും പുതുതലമുറയ്ക്കൊപ്പം ആസ്വദിക്കാനായി ചാവറ കൾച്ചറൽ സെന്ററിൽ ജൂലൈ 29ന് വൈകിട്ട് 3 മണിക്ക് 'കാവ്യാർച്ചന' മലയാള കവിത സദസ്സ് സംഘടിപ്പിക്കുന്നു. എറണാകുളം ജില്ലയിലെ പ്രമുഖ കോളേജുകളിൽ നിന്നും സ്കൂളുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 10 വിദ്യാർത്ഥികൾ കവിതാലാപനം നടത്തും. വയലിൻസംഗീതവും പുല്ലാങ്കുഴൽ സംഗീതവും അകമ്പടിയേകുന്ന കവിതാലാപനം ആസ്വാദകരെ സംഗീതാനുഭൂതികളിലേക്ക് കൊണ്ടുവരും. കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരജേതാവ് പ്രൊഫ. എം. തോമസ് മാത്യു മുഖ്യാതിഥിയായിരിക്കുമെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് അറിയിച്ചു.

## ക്ലിക്ക് ചെയ്യൂ 'കേരളത്തിന്റെ വ്യവസായ കാഴ്ചകൾ'; എൻട്രികൾ അയക്കാം, സെപ്റ്റംബർ അഞ്ച് വരെ

**കൊച്ചി:** കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) 'വ്യവസായ കേരളം' എന്ന വിഷയത്തിൽ ഫോട്ടോഗ്രഫി മത്സരം സംഘടിപ്പിക്കുന്നു. വ്യവസായ വകുപ്പിന്റെ നേട്ടങ്ങൾ, നടപ്പിലാക്കിയ മാതൃകാ പദ്ധതികൾ, വിജയകരമായി മുന്നേറുന്ന സംരംഭങ്ങൾ തുടങ്ങി കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് കൂടുതൽ പ്രചോദനമേകുന്ന ചിത്രങ്ങളാണ് മത്സരത്തിന് പരിഗണിക്കുന്നത്. മത്സരത്തിൽ പങ്കെടുക്കാൻ പ്രായപരിധിയില്ല. മത്സരാർഥി സ്വന്തമായി മൊബൈൽ ഫോണിലോ ഡിഎസ്എൽആർ ക്യാമറകളിലോ പകർത്തിയ ചിത്രങ്ങൾ അടിക്കുറിപ്പോടെ അയക്കണം. ഒരാൾക്ക് ഒരു ഫോട്ടോ അയക്കാം. വാട്ടർ മാർക്കുള്ള ഫോട്ടോ പരിഗണിക്കില്ല. കളറിലോ/ബ്ലാക്ക് ആൻഡ് വൈറ്റിലോ ഫോട്ടോകൾ അയക്കാം. വിദഗ്ധ ജൂറി തെരഞ്ഞെടുത്ത മികച്ച 10 ഫോട്ടോകൾ കെഎസ്ഐഡിസിയുടെ ഫേസ്ബുക്ക്/ഇൻസ്റ്റാഗ്രാം പേജിൽ പബ്ലിഷ് ചെയ്യും. അതിൽ, കൂടുതൽ ലൈക്ക് ആന്റ് ഷെയർ ലഭിക്കുന്ന മൂന്ന് ഫോട്ടോകളെയാണ് വിജയിയായി പരിഗണിക്കുക. കെഎസ്ഐഡിസിയുടെ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പേജുകൾ ഫോളോ ചെയ്യുന്നവരെയാണ് മത്സരത്തിന് പരിഗണിക്കുന്നത്. തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച ചിത്രത്തിന് 7,000 രൂപ ക്യാഷ് അവാർഡും പ്രശസ്തി പത്രവും മികച്ച രാമത്തെ ചിത്രത്തിന് 5,000 രൂപയും പ്രശസ്തി പത്രവും മൂന്നാം സമ്മാനത്തിന് 3,000 രൂപയും പ്രശസ്തി പത്രവും ലഭിക്കും. കൂടാതെ മികച്ച ഏഴ് ഫോട്ടോകൾക്ക് പ്രോത്സാഹന സമ്മാനമായി 1,000 രൂപ വീതം സമ്മാനവും നൽകും. ഫോട്ടോകൾ 2023 സെപ്തംബർ അഞ്ചിനകം രീലേരെ@സശെറരാമശഹ.ീൃഴ എന്ന ഇമെയിലേക്ക് അയക്കണം. ഫോട്ടോയോടൊപ്പം മത്സരാർഥിയുടെ പേര്, സ്ഥലം, ഫോൺ നമ്പർ എന്നിവ രേഖപ്പെടുത്തണം. വിവരങ്ങൾക്ക് കെഎസ്ഐഡിസി ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പേജ് എന്നിവ സന്ദർശിക്കുക. ഫോൺ: 04712318922.

## ഐ.എച്ച്.ആർ.ഡി: പുതിയ കോഴ്സുകളിലേക്ക് ഡിഗ്രി പ്രവേശനം

**കൊച്ചി:** സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ്സ് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കടുത്തുരുത്തി (04829264177,
ഡവലപ്പ്മെന്റിന്റെ (ഐ.എച്ച്.ആർ.ഡി) കീഴിൽ 8547005049), മല്ലപ്പള്ളി (8547005033), പയ്യപ്പാടി (പുതുപ്പള്ളി 8547005040), പീരുമേട് (04869299373, 8547005041), അയിരൂർ (04735296833, 8921379224) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അപ്ലൈഡ് സയൻസ് കോളേജുകളിലേക്ക് 202324 അദ്ധ്യയന വർഷത്തിൽ പുതിയതായി അനുവദിച്ച ഡിഗ്രി കോഴ്സുകളിലേക്കു കോളേജുകൾക്ക് നേരിട്ട് അഡ്മിഷൻ നടത്താവുന്ന 50 ശതമാനം സീറ്റുകളിൽ ഓൺലൈൻ വഴി പ്രവേശനത്തിനായി അർഹരായവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ
www.ihrdadmissions.org എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി മഹാത്മാ ഗാന്ധി സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദ്ദിഷ്ട അനുബന്ധങ്ങളും, 750 രൂപ (എസ്.സി,എസ്.റ്റി 250 രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജിൽ ലഭിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഐ.എച്ച്.ആർ.ഡി വെബ്സൈറ്റായ
www.ihrd.ac.in മുഖാന്തിരം ലഭ്യമാണ്.

## ജീവിതം തിരിച്ചുപിടിച്ചവർക്ക് കൈത്താങ്ങ്; തൊഴിൽ അവസരങ്ങളുമായി ആസ്റ്റർ




**കോഴിക്കോട:** അവയവ മാറ്റ ശസ്ത്രക്രിയകളിലൂടെ ജീവിതത്തിലേക്ക് തിരിച്ചെത്തിയവർക്ക് ജീവിതോപാധിയുമായി സംസ്ഥാനത്തെ ആസ്റ്റർ ആശുപത്രികൾ. വൃക്ക, കരൾ എന്നിവ സ്വീകരിച്ചവർക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം ഒരുക്കുകയും അത് വഴി ജീവിത നിലവാരം ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ പദ്ധതി ആവിഷ്കരിക്കുന്നതെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസീൻ പറഞ്ഞു.കൊച്ചി ആസ്റ്റർ മെഡ്സിറ്റി, ആസ്റ്റർ മിംസ് കോഴിക്കോട്, കണ്ണൂർ, കോട്ടക്കൽ ആശുപത്രികളിലുമാണ് തൊഴിലവസരങ്ങൾ ഒരുക്കുക. ഇതിന് പുറമേ ആസ്റ്റർ റീട്ടയിൽ സംരംഭങ്ങളായ ആസ്റ്റർ ഫാർമസി, ആസ്റ്റർ ലാബ് എന്നിവയുടെ ഫ്രാഞ്ചൈസികൾ സ്വന്തമാക്കാനുള്ള അവസരവും ഒരുക്കും. ഒഴിവു വരുന്ന തസ്തികകളിലും ഫ്രാഞ്ചൈസി അവസരങ്ങളിലും ഇവർക്ക് മുൻഗണന നൽകാനാണ് തീരുമാനം.ആസ്റ്ററിൽ നിന്ന് ചികിത്സ നേടിയവർക്ക് മാത്രമല്ല ഇത് വഴി ജോലി ലഭിക്കുന്നത് എന്നതാണ് പദ്ധതിയുടെ പ്രധാന സവിശേഷത. വൃക്ക, കരൾ മാറ്റി വെക്കൽ ശസ്ത്രക്രിയക്ക് വിധേയരായ ആർക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷിക്കുന്നവരുടെ വിദ്യാഭ്യാസ യോഗ്യത, ആരോഗ്യാവസ്ഥ എന്നിവയുടെ അടിസ്ഥാനത്തിൽ ഏറ്റവും അനുയോജ്യമായ തസ്തികയിൽ നിയമിക്കാനാണ് ലക്ഷ്യമിടുന്നത്.ആരോഗ്യ മേഖലയിൽ തന്നെ വിപ്ലവകരമായി മാറാനൊരുങ്ങുന്ന പദ്ധതി പ്രഖ്യാപിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും രോഗ നിർണയത്തിനും ചികിത്സക്കും ശേഷം പുനരധിവാസം ഒരുക്കാൻ കൂടി പ്രതിബദ്ധരാണ് ആസ്റ്റർ ഗ്രൂപ്പ് എന്നതിന്റെ ഉദാഹരണമാണിതെന്നും ഫർഹാൻ യാസീൻ പറഞ്ഞു.ഉദ്യോഗാർഥികൾക്ക് അവരുടെ ജോലികളിൽ കഴിവും പ്രാപ്തിയും തെളിയിക്കാനും അതുവഴി ജീവിത വിജയത്തിലേക്ക് എത്താനും കഴിയട്ടെ എന്ന് കോഴിക്കോട് ആസ്റ്റർ മിംസിലെ വൃക്കരോഗ വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. സജിത്ത് നാരായണൻ കൂട്ടിച്ചേർത്തു. ആസ്റ്റർ മിത്വാ പദ്ധതിയുടെ സഹായം ആവശ്യമുള്ളവർക്ക് 7025767676, 7025888871 എന്നീ വാട്ട്സ്ആപ്പ് നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## ഓണത്തിന് കാർ വാങ്ങുന്ന ഉപഭോക്താക്കൾക്ക് ആനുകൂല്യങ്ങളുമായി കാർസ്24

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഓട്ടോടെക് കമ്പനിയായ കാർസ്24 ഓണക്കാലത്ത് സവിശേഷമായ നിരവധി ആനുകൂല്യങ്ങളുമായി രംഗത്ത്. അതുല്യമായ അനുഭവങ്ങളും ഒരു ലക്ഷം രൂപ വരെയുള്ള നേട്ടങ്ങളുമാണ് കാർസ്24 ഉപഭോക്താക്കൾക്കായി അവതരിപ്പിച്ചിരിക്കുന്നത്. കാർസ്24 ആപ്പിലും വെബ്സൈറ്റിലും ഇതിനകം തന്നെ ആരംഭിച്ചിട്ടുള്ള ഓണം സെയിൽ ആഗസ്റ്റ് അവസാനം വരെ തുടരുമെന്ന് കാർസ്24 സഹസ്ഥാപകൻ ഗജേന്ദ്ര ജംഗിദ് പറഞ്ഞു. കാർസ് 24ൻറെ വിപുലമായതും വൈവിധ്യമാർന്നതുമായ ശേഖരത്തിൽ 50,000 രൂപ വരെയുള്ള ഇളവുകളാണു ലഭ്യമാകുക. പുതിയ കാർ വാങ്ങുന്നതിനായി പഴയ കാർ എക്സ്ചേഞ്ച് ചെയ്ത് 20,000 രൂപ വരെ എക്സ്ചേഞ്ച് ബോണസും നേടാം. എളുപ്പത്തിലുള്ള ഫിനാൻസ് വഴി 30,000 രൂപ വരെ വായ്പകളിൽ ലാഭിക്കുകയും സീറോ ഡൗൺ പെയ്മെൻറ് പ്രയോജനപ്പെടുത്തുകയും ചെയ്യാം. കാർ വാങ്ങുന്നതിനുള്ള ഏറ്റവും മികച്ച അവസരമായി ഓണം മാറിയിരിക്കുകയാണെന്നും ഉപഭോക്താക്കൾക്ക് അവരുടെ പ്രതീക്ഷകൾ മറികടക്കുന്ന സവിശേഷമായ ആനുകൂല്യങ്ങൾ നൽകുന്നതിൽ തങ്ങൾക്ക് ആഹ്ലാദമുണ്ടെന്നുംഗജേന്ദ്ര ജംഗിദ് പറഞ്ഞു.

## ജീവൻ കിരൺ പ്ലാൻ അവതരിപ്പിച്ച് എൽഐസി



**കൊച്ചി:** ലൈഫ് ഇൻഷുറൻസും സമ്പാദ്യ പദ്ധതിയും ഉൾപ്പെടുന്ന പുതിയ ജീവൻ കിരൺ പ്ലാൻ എൽഐസി അവതരിപ്പിച്ചു. 10 വർഷം മുതൽ 40 വർഷം വരെ കാലാവധിയുള്ള ഈ പ്ലാൻ ഏറ്റവും ചുരുങ്ങിയത് 15 ലക്ഷം രൂപയുടെ പരിരക്ഷ നൽകുന്നു. 18 മുതൽ 65 വയസ്സു വരെ ഉള്ളവർക്ക് തിരഞ്ഞെടുക്കാവുന്ന പ്ലാനാണിത്. പുകവലി ശീലമുള്ളവർക്കും പുകവലിക്കാത്തവർക്കും പ്രീമിയം നിരക്കിൽ വ്യത്യാസമുണ്ടായിരിക്കും. 50 ലക്ഷം രൂപയ്ക്ക് മുകളിൽ പരിരക്ഷയുള്ളവർക്ക് ഇളവുകളും ലഭിക്കും. റെഗുലർ പ്രീമിയം പോളിസികൾക്ക് കുറഞ്ഞ തവണ 3000 രൂപയും സിംഗിൾ പ്രീമിയം പോളിസികൾക്ക് 30,000 രൂപയുമാണ്. കാലാവധി പൂർത്തിയാകുന്നതോടെ നികുതിയും അധിക പ്രീമിയവും ഒഴികെ ബാക്കിയുള്ള പ്രീമിയം തുക മുഴുവനായും റീഫണ്ട് ലഭിക്കും. ജീവൻ കിരൺ പോളിസി എൽഐസി വെബ്സൈറ്റിൽ ഓൺലൈനായും ഏജന്റുമാർ, ബ്രോക്കർമാർ, ഇൻഷുറൻസ് മാർക്കറ്റിങ് സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് നേരിട്ടും വാങ്ങാം.

# ലോട്ടറിയിലെ വ്യാജനെ തടയൽ; ലോട്ടറി ചലഞ്ചുമായി സ്റ്റാർട്ടപ്പ് മിഷൻ

**കൊച്ചി:** സംസ്ഥാനത്തെ വ്യാജലോട്ടറി കണ്ടെത്തുന്നതിനുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ലോട്ടറി വകുപ്പും കേരള സ്റ്റാർട്ടപ്പ് മിഷനും സ്റ്റാർട്ടപ്പുകൾക്കായി ലോട്ടറി ചലഞ്ച് സംഘടിപ്പിക്കുന്നു. ലോട്ടറി വകുപ്പിൻറെ പ്രധാനപ്പെട്ട രണ്ട് പ്രശ്നങ്ങൾക്കാണ് ചലഞ്ചിലൂടെ പരിഹാരം കാണേണ്ടത്.വ്യാജലോട്ടറി കഴിഞ്ഞ കുറേക്കാലമായി ലോട്ടറി വകുപ്പ് അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നമാണ്. നിലവിൽ ഓരോ ടിക്കറ്റും മനുഷ്യവിഭവശേഷി ഉപയോഗിച്ച് പ്രത്യേകം പരിശോധിച്ചാണ് സമ്മാനമുൾപ്പെടെയുള്ള കാര്യങ്ങൾ നൽകുന്നത്. ഇത് വളരെ സമയമെടുക്കുന്ന പ്രശ്നമാണ്.വ്യാജലോട്ടറിയെ തിരിച്ചറിയാൻ സാധിക്കുന്നതും ക്യൂആർ കോഡ് സ്കാൻ ചെയ്യാൻ കഴിയുന്നതുമായ യന്ത്രമാണ് ചലഞ്ചിലൂടെ ലോട്ടറി വകുപ്പ് പ്രതീക്ഷിക്കുന്നത്. അതിലൂടെ ലോട്ടറിയുടെ സാധുത പെട്ടന്നും കൃത്യവുമായി പരിശോധിക്കാനാകണം. ഇതിലൂടെ സമയലാഭവും കുറ്റമറ്റ സേവനവും നൽകാനാണ് ഉദ്ദേശിക്കുന്നത്.ഇതിനു പുറമെ സംസ്ഥാനത്തെ 35 ലോട്ടറി ഓഫീസുകളിൽ നിന്നായി ഓരോ ദിവസവും നറുക്കെടുക്കുന്ന ടിക്കറ്റുകളിലെ ക്യു ആർ കോഡ് സ്കാൻ ചെയ്യുന്നതിനുള്ള സൗകര്യവും യന്ത്രത്തിലുണ്ടായിരിക്കണം. ശരാശരി ഒരു ദിവസം മൂന്ന് ലക്ഷം ടിക്കറ്റുകളാണ് സ്കാൻ ചെയ്യേണ്ടത്.നിലവിൽ ജീവനക്കാർ സ്വയം ചെയ്യുന്ന ഈ പ്രക്രിയകൾ യന്ത്രത്തിലൂടെ ചെയ്യാനാണ് ലോട്ടറി വകുപ്പ് ഉദ്ദേശിക്കുന്നത്. വളരെ പെട്ടന്ന് ക്യൂ ആർ കോഡ് സ്കാൻ ചെയ്യുകയാണെങ്കിൽ അത് വഴി സമ്മാനത്തുക നൽകൽ പെട്ടന്നും എളുപ്പവും നടക്കും.കെഎസ് യുഎം സ്റ്റാർട്ടപ്പുകൾക്ക് സർക്കാർ മേഖലയിലെ സാങ്കേതികസേവനങ്ങളുടെ കരാർ ലഭ്യമാക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ 2017 ൽ ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായാണ് ലോട്ടറി ചലഞ്ച് സംഘടിപ്പിക്കുന്നത്. കെഎസ് യുഎമ്മിൽ ഇൻകുബേറ്റ് ചെയ്തതോ, യുണീക് ഐഡിയുള്ളതോ ആയ സ്റ്റാർട്ടപ്പുകൾക്കാണ് ഇതിൽ പങ്കെടുക്കാനാകുന്നത്.താത്പര്യമുള്ള സ്റ്റാർട്ടപ്പുകൾ https://startupmission.kerala.gov.in/pages/lotterychallenge എന്ന ലിങ്ക് വഴി അപേക്ഷിക്കേണ്ടതാണ്. ആഗസ്റ്റ് 15 ആണ് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയതി.

# ജോബ്ഫെയറുമായി കൊച്ചി കോർപ്പറേഷൻ

**കൊച്ചി:** കൊച്ചി കോർപ്പറേഷൻ 2023-24 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽസഭയും തൊഴിൽമേളയും സംഘടിപ്പിക്കുന്നു. വിവരസാങ്കേതിക മേഖലയിൽ നിന്നും നൂറിലധികം കമ്പനികളും, അയ്യായിരത്തോളം ഉദ്യോഗാർത്ഥികളും തൊഴിൽ മേളയിൽ പങ്കെടുക്കുന്നു.എറണാകുളം സെൻറ് തെരാസാസ് കോളേജിൽ ജൂലൈ 29ന് നടക്കുന്ന ജോബ് ഫെയർ, എറണാകുളം എം.എൽ.എ ടി.ജെ.വിനോദ് ഉദ്ഘാടനം ചെയ്യും. കൊച്ചി മേയർ അഡ്വ.എം.അനിൽകുമാർ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ഡെപ്യൂട്ടി മേയർ കെ.എ.അൻസിയ മുഖ്യപ്രഭാഷണം നടത്തും. കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രീസ്, കുടുംബശ്രീ മിഷൻ, കേരള നോളജ് ഇക്കണോമി മിഷൻ എന്നിവരുടെ സഹകരണത്തോടെയാണ് ജോബ്ഫെയർ സംഘടിപ്പിക്കുന്നത്. 29ന് രാവിലെ 08.30 മുതൽ രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

# ആക്സിസ് ബാങ്കിന് 5,797 കോടി രൂപ അറ്റാദായം

**കൊച്ചി:** ആക്സിസ് ബാങ്ക് ഈ വർഷം ജൂൺ 30ന് അവസാനിച്ച ത്രൈമാസത്തിൽ 5,797 കോടി രൂപ അറ്റാദായം കൈവരിച്ചു. വാർഷികാടിസ്ഥാനത്തിൽ 41 ശതമാനം വളർച്ചയാണിത്. അറ്റ പലിശ വരുമാനത്തിൽ വാർഷികാടിസ്ഥാനത്തിൽ 27 ശതമാനം വർധനവും കൈവരിച്ചിട്ട്. ആഭ്യന്തര വായ്പകളുടെ കാര്യത്തിൽ 26 ശതമാനം വാർഷിക വളർച്ചയാണു കൈവരിച്ചിട്ടുള്ളത്. ഈ വർഷത്തിന്റെ ആദ്യ ത്രൈമാസത്തിൽ 1.11 ദശലക്ഷം ക്രെഡിറ്റ് കാർഡുകൾ ബാങ്ക് വിതരണം ചെയ്തിട്ട്. ബാങ്കിന്റെ മൂലധന പര്യാപ്തതാ നിരക്ക് 17.74 ശതമാനത്തിൽ നിൽക്കുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു. ഡിജിറ്റൽ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സേവനങ്ങൾ ലഭ്യമാക്കുന്നതിനു തങ്ങൾ തുടർച്ചയായി ശ്രമിച്ചു വരികയാണെന്ന് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ അമിതാഭ് ചൗധരി പറഞ്ഞു.

# സംയുക്തസംരംഭവുമായി ജിയോ ഫിനാൻഷ്യൽ സർവീസസും ബ്ലാക്ക് റോക്കും

**കൊച്ചി/മുംബൈ:** ജിയോ ഫിനാൻഷ്യൽ സർവീസസും യു.എസ് ആസ്ഥാനമായുള്ള ബ്ലാക്ക് റോക്കും ഇന്ത്യയിൽ നിക്ഷേപ ഏകോപന സേവനങ്ങൾ ആരംഭിക്കുന്നതിനായി സംയുക്ത സംരംഭം രൂപീകരിക്കും. 50:50 പങ്കാളിത്തത്തിലാണ് പ്രവർത്തിക്കുക. 'ജിയോ ബ്ലാക്ക്റോക്ക്' എന്ന സംയുക്ത സംരംഭത്തിൽ 150 മില്യൺ ഡോളർ വീതം പ്രാരംഭ നിക്ഷേപമാണ് ഇരു കമ്പനികളും ലക്ഷ്യമിടുന്നതെന്ന് ജിയോ ഫിനാൻഷ്യൽ അധികൃതർ പ്രസ്താവനയിൽ പറഞ്ഞു. ഇന്ത്യയുടെ അസറ്റ് മാനേജ്മെന്റ് മേഖലയെ ഡിജിറ്റലാക്കാനും ഇന്ത്യയിലെ നിക്ഷേപകർക്ക് നിക്ഷേപ സേവനങ്ങളിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിക്കാനും ഈ പങ്കാളിത്തം ലക്ഷ്യമിടുന്നു.ബ്ലാക്ക് റോക്ക് ജിയോ ഫിനാൻഷ്യൽ സർവീസസിന്റെ വിപണി വൈദഗ്ധ്യവും വിഭവങ്ങളും ബ്ലാക്ക് റോക്കിന്റെ നിക്ഷേപ വൈദഗ്ധ്യവും സംയോജിപ്പിക്കുന്നതിലൂടെ ഇന്ത്യയിലെ ദശലക്ഷക്കണക്കിന് നിക്ഷേപകർക്ക് താങ്ങാനാവുന്നതും നൂതനവുമായ നിക്ഷേപ പരിഹാരങ്ങൾ നൽകുന്നതിന് ഈ സംരംഭം സഹായിക്കും.റിലയൻസ് ഇൻഡസ്ട്രീസിൽ നിന്ന് ജിയോ ഫിനാൻഷ്യൽ സർവീസസ് വേർപെടുത്തിയത് ഒരാഴ്ചയ്ക്ക് മുൻപാണ്. ജിയോ ഫിനാൻഷ്യലിൽ നിന്നുള്ള ആദ്യത്തെ പ്രധാന പ്രഖ്യാപനമാണ് ബ്ലാക്ക്റോക്കുമായുള്ള സംയുക്ത സംരംഭം. റെഗുലേറ്ററി, സ്റ്റാറ്റ്യൂട്ടറി അംഗീകാരങ്ങൾ ലഭിച്ചതിന് ശേഷം സംയുക്ത സംരംഭം പ്രവർത്തനം ആരംഭിക്കും. കമ്പനിക്ക് സ്വന്തമായി മാനേജ്മെന്റ് ടീം ഉണ്ടായിരിക്കും.പങ്കാളിത്തത്തിലൂടെ ബ്ലാക്ക്റോക്കിന്റെ നിക്ഷേപത്തിലും റിസ്ക് മാനേജ്മെന്റിലും ഉള്ള ആഴത്തിലുള്ള വൈദഗ്ധ്യവും ജെഎഫ്എസിന്റെ സാങ്കേതിക ശേഷിയും ഇന്ത്യൻ വിപണിയിലെ ആഴത്തിലുള്ള വൈദഗ്ധ്യവും ഉൽപ്പന്നങ്ങളുടെ ഡിജിറ്റൽ ഡെലിവറി വർദ്ധിപ്പിക്കുന്നതിനായി പ്രയോജനപ്പെടുത്തുമെന്ന്ജെഎഫ്എസ് സിഇഒ ഹിതേഷ് സേത്തിയ പ്രസ്താവനയിൽ പറഞ്ഞു.

# കുഫോസ് സ്പോട്ട് അഡ്മിഷൻ ഓഗസ്റ്റ് 2 ന്

**കൊച്ചി:** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ (കുഫോസ്) പുതുവൈപ്പ് കാമ്പസ്സിൽ നടത്തുന്ന എം.എസ്.സി കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഓഗസ്റ്റ് 2 ന് സ്പോട്ട് അഡ്മിഷൻ നടത്തും.എൺവയർമെന്റൽ സയൻസ്. ഡിസാസ്റ്റർ മാനേജ്മെൻറ്, ക്ളൈമറ്റ് സയൻസ്, റിമോട്ട് സെൻസിങ്ങ് ആൻറ് ജിസ് എന്നീ എം.എസ്.സി കോഴ്സുകളിലാണ് ഒഴിവുകൾ ഉള്ളത്. ജനറൽ വിഭാഗത്തിലും സംവരണ വിഭാഗങ്ങളിലും ഒഴിവുകളുണ്ട്.

# റാപ്പ് ഗായകൻ കിംഗ് സോണി ഇന്ത്യ ബ്രാൻഡ് അംബാസഡർ

**കൊച്ചി:** സോണി ഇന്ത്യ, മ്യൂസിക്ക് ഐക്കൺ കിംഗിനെ ഓഡിയോ ഉൽപ്പന്ന വിഭാഗത്തിൻറെ പുതിയ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. സംഗീതം അതിൻറെ ശുദ്ധമായ രൂപത്തിൽ ആസ്വദിക്കാൻ ഉപഭോക്താക്കളെ പ്രാപ്തരാക്കുന്ന മികച്ച ഓഡിയോ ഉൽപ്പന്നങ്ങൾ നൽകാനുള്ള കമ്പനിയുടെ പ്രതിബദ്ധതയാണ് പുതിയ പ്രഖ്യാപനമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഇതിന് പിന്നാലെ 'കിംഗ് മീറ്റ് ദി കിംഗ്' എന്ന പേരിൽ സോണിയുടെ എസ്ആർസ്എക്സ് വി 800 പാർട്ടി സ്പീക്കറിനായുള്ള ആദ്യ ക്യാമ്പയിനും സജീവമായി. സംഗീതത്തിൻറെ കാതൽ ഉപഭോക്താക്കളുടെ ഹൃദയത്തിലേക്ക് അടുപ്പിക്കാനും, യുവാക്കളുമായുള്ള ബന്ധം ശക്തിപ്പെടുത്താനും സോണി ഇന്ത്യ ശ്രമിക്കുമ്പോൾ, കിംഗുമായുള്ള സഹകരണം ഒരു സുപ്രധാന നാഴികക്കല്ലാണ്. സോണി ഇന്ത്യയുടെ മൊത്ത വിൽ




പനയിലുള്ള വരുമാനത്തിൻറെ 20 ശതമാനവും ഓഡിയോ വിഭാഗത്തിൽ നിന്നാണ്. ഇത് കമ്പനിയുടെ ബിസിനസിൽ ഓഡിയോ വിഭാഗത്തിൻറെ കാര്യമായ സ്വാധീനം പ്രകടമാക്കുന്നുണ്ട്.

# സംസ്കൃത സർവ്വകലാശാലയിൽ ഗസ്റ്റ് ലക്ചറർ

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യക്യാമ്പസിലെ കായിക പഠന വിഭാഗത്തിൽ അത്!ലറ്റിക്സ് സ്പെഷ്യലൈസേഷൻ യോഗ്യതയുള്ള ഗസ്റ്റ് അധ്യാപക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യരായ ഉദ്യോഗാർത്ഥികൾ ആഗസ്റ്റ് മൂന്നിന് ഉച്ചയ്ക്ക് 12ന് അസൽ സർട്ടിഫിക്കറ്റുകളും ബയോഡാറ്റയുമായി സർവ്വകലാശാലയുടെ കായിക വകുപ്പ് മേധാവി മുമ്പാകെ ഹാജരായി വാക്ക്ഇൻഇന്റർവ്യൂവിൽ പങ്കെടുക്കണമെന്ന് സർവ്വകലാശാല അറിയിച്ചു.

# ഖാദി ഓണം മേള ഓഗസ്റ്റ് 2 മുതൽ; 30 ശതമാനം വരെ റിബേറ്റ്

**തിരുവനന്തപുരം:** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഓണത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന മേള ഓഗസ്റ്റ് 2 മുതൽ 27 വരെ നടക്കും. മേളയിൽ ഖാദി വസ്ത്രങ്ങൾക്ക് 30 ശതമാനം വരെ റിബേറ്റ്, സർക്കാർ, അർധ സർക്കാർ ജീവനക്കാർക്ക് ഒരു ലക്ഷം രൂപയുടെ ക്രെഡിറ്റ് സൗകര്യം എന്നിവ ലഭിക്കും. ചുരുങ്ങിയത് 1000 രൂപയുടെ സാധനങ്ങൾ വാങ്ങുന്നവരിൽ നിന്ന് നറുക്കെടുത്ത് ഒന്നാം സമ്മാനമായി ടാറ്റ ടിയാഗോ ഇലക്ട്രിക് കാറും രണ്ടാം സമ്മാനമായി ഓല ഇലക്ട്രിക് സ്കൂട്ടറും മൂന്നാം സമ്മാനമായി ഓരോ ജില്ലയ്ക്കും ഓരോ പവൻ വീതവും നൽകും. ഖാദി ഓണം മേളയുടെ സംസ്ഥാനതല ഉദ്ഘാടനം ഓഗസ്റ്റ് രണ്ടിന് വൈകീട്ട് മൂന്നുമണിക്ക് വ്യവസായ മന്ത്രി രാജീവ് തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നിർവഹിക്കുമെന്ന് സംസ്ഥാന ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ് ചെയർമാൻ പി ജയരാജൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇത്തവണ ഓണത്തിന് 'പാപ്പീലിയോ' എന്ന ബ്രാൻഡ് നെയിമിൽ ഉള്ള ഡിസൈനർ വസ്ത്രങ്ങളാണ് മുഖ്യ ആകർഷണം.കോട്ടൺ, സിൽക്ക്, ഖാദി പോളി വസ്ത്രം, വുളൻ ഖാദി തുടങ്ങിയ വിവിധ നൂലുകളിൽ ചുരിദാർ ടോപ്പുകൾ, ഷർട്ടുകൾ, കുഞ്ഞുടുപ്പുകൾ, കുർത്തകൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഉദ്ഘാടന ചടങ്ങിൽ 'കേരള സ്പൈസസ്' എന്ന പേരിൽ ഖാദി ബോർഡ് പുറത്തിറക്കുന്ന സുഗന്ധവ്യഞ്ജന സാധനങ്ങളുടെ വിതരണം ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. പുതുതലമുറ ഖാദി റെഡിമെയ്ഡ് വസ്ത്രങ്ങളുടെ പ്രചാരണം വർധിപ്പിക്കാനായി ഓഗസ്റ്റ് 22ന് എറണാകുളത്ത് ഫാഷൻ ഷോ സംഘടിപ്പിക്കും. ദുബായിലേക്കും ഇറ്റലിയിലേക്കും ഖാദി വസ്ത്രങ്ങൾ കയറ്റി അയക്കുന്നതിന്റെ പ്രാരംഭ ചർച്ച നടക്കുകയാണെന്ന് ജയരാജൻ പറഞ്ഞു. ഇറ്റലിയുടെ പ്രതിനിധി ആലപ്പുഴ റെഡിമെയ്ഡ് യൂണിറ്റ് സന്ദർശിച്ചിരുന്നു. സ്ലൈവർ ദൗർലഭ്യം ഒഴിവാക്കാൻ പയ്യന്നൂർ ഏറ്റുകുടുക്കയിൽ ആധുനിക സ്ലൈവർ പ്ലാൻ ഉടൻ ആരംഭിക്കും. ജയിൽ അന്തേവാസികൾക്ക് തൊഴിൽ നൽകുന്നതിന് നൂൽപ്പ് നെയ്ത്ത് യൂണിറ്റുകൾ ആരംഭിക്കാൻ ജയിൽ അധികൃതരുമായി ധാരണാപത്രം ഒപ്പിട്ടു. ഖാദി ഷോറൂമുകൾ നവീകരിക്കുന്ന പ്രക്രിയയിൽ ആദ്യപടിയായി തിരുവനന്തപുരം വഞ്ചിയൂരിൽ ആരംഭിച്ച ഷോറൂമിൽ ഉപഭോക്താവിന്റെ ഇഷ്ടമനുസരിച്ച് വസ്ത്രം തുന്നാനും ലോൺട്രി സൗകര്യം വേണ്ടവർക്ക് അതും ലഭ്യമാക്കുന്നു. എറണാകുളം, കൊല്ലം, കണ്ണൂർ എന്നിവിടങ്ങളിൽ ആധുനിക ഷോറൂമുകൾ ഒരുങ്ങുകയാണ്. സഹകരണസംഘങ്ങളുമായി ചേർന്ന് ഖാദി കോർണർ എന്ന പേരിൽ വിൽപന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ ചിറ്റാട്ടുകര സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ആദ്യത്തെ ഷോറൂം ഓഗസ്റ്റ് എട്ടിന് ഉദ്ഘാടനം ചെയ്യും. ബോർഡ് വഴി വായ്പയെടുത്ത സംരംഭകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ഖാദി ഷോറൂം വഴി വിൽപ്പന നടത്തുമെന്നും വൈസ് ചെയർമാൻ പറഞ്ഞു. കൂടാതെ ആയുർവേദ ഉൽപ്പന്നങ്ങൾ, ക്യാരിബാഗ്, തേൻ, ചെറുതേൻ, മരചക്കിൽ ആട്ടിയ നല്ലെണ്ണ, ഓർഗാനിക് സോപ്പുകൾ, കാർഷിക മൂല്യവർധിത ഉൽപ്പന്നങ്ങൾ എന്നിവയും ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തും. ഇതിന്റെ ഭാഗമായി പാപ്പനംകോട് കൗൺസിൽ ഫോർ ഇൻഡസ്ട്രിയൽ റിസർച്ചുമായും(ഇകഞ) കോഴിക്കോട് മർകസിലെ നോളജ് സിറ്റിയുമായും ഖാദിബോർഡ് ബുധനാഴ്ച ധാരണാപത്രം ഒപ്പിട്ടു. ഖാദി ബോർഡ് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി വ്യാജ ഖാദി ആണെന്നും ഇതിനെതിരെ 'കേരള ഖാദി' എന്ന ലോഗോ പുറത്തിറക്കിയിട്ടുണ്ടെന്നും ജയരാജൻ പറഞ്ഞു.



## യങ് ഇന്നൊവേറ്റേഴ്സ് മീറ്റ് 4.0 ; ഗ്രാന്റ് ഫിനാലെ 29 ന് കണ്ണൂരിൽ

**തിരുവനന്തപുരം:**വിദ്യാർഥികൾക്കിടയിൽ നൂതന ആശയ രൂപീകരണത്തിന്റെ പുതിയ സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആരംഭിച്ച യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന്റെ (വൈ.ഐ.പി) നാലാമത് എഡിഷനിലെ യങ് ഇന്നൊവേറ്റേഴ്സ് മീറ്റ് 4.0 ഗ്രാന്റ് ഫിനാലെജൂലൈ 29ന് വൈകിട്ട് 4.30ന് കണ്ണൂർ പിണറായി കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തൊട്ടാകെയുള്ള ഇരുനൂറോളം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട അറുന്നൂറിലധികം വിദ്യാർഥികളും ജില്ലയിലെ വിവിധ വിദ്യാഭാസ സ്ഥാപനങ്ങളിലെ വിദ്യാർഥികളും പങ്കെടുക്കും.

## ഇന്റർവ്യൂ ഓഗസ്റ്റ് മൂന്നിന്

**തിരുവനന്തപുരം :** കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളജിലെ കമ്പ്യൂട്ടർ (ഹിയറിങ് ഇമ്പയേർഡ്) വിഭാഗത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ആംഗ്യഭാഷ പരിഭാഷാ അധ്യാപകരുടെ താത്കാലിക ഒഴിവുണ്ട്. എം.എസ്.ഡബ്ല്യൂ/എം.എ സോഷ്യോളജി, എം.എ സൈക്കോളജി ആൻഡ് ഡിപ്ലോമ ഇൻ സൈൻ ലാംഗ്വേജ് ഇന്റർപ്രെറ്റേഷൻ (ആർ.സി.ഐ അംഗീകാരം) യോഗ്യതയുള്ള ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഓഗസ്റ്റ് മൂന്നിനു രാവിലെ 10 നു സർക്കാർ വനിതാ പോളിടെക്നിക് കോളജ് പ്രിൻസിപ്പാൾ മുമ്പാകെ കൂടിക്കാഴ്ചക്ക് ഹാജരാകണം.

# 'ക്ലാസ്സ് ബൈ എ സോൾജ്യർ' സെക്കൻഡ് പോസ്റ്റർ

**കൊച്ചി:** വിജയ് യേശുദാസ്,പുതുമുഖം ഐശ്വര്യ,മീനാക്ഷി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി പത്താം ക്ലാസ് വിദ്യാർത്ഥിനിയായ ചിന്മയി നായർ സംവിധാനം ചെയ്യുന്ന ചിത്രമാണ് 'ക്ലാസ്സ് ബൈ എ സോൾജ്യർ'(Class - By A Soldier) എന്ന ചിത്രത്തിന്റെ രണ്ടാമത്തെ പോസ്റ്റർ റിലീസ് ചെയ്തു.കാർഗിൽ യുദ്ധം വിജയിപ്പിച്ച ഇന്ത്യൻ സൈനികരെ ആദരിക്കുന്ന ഭാഗമായിട്ടാണ് സെക്കൻഡ് പോസ്റ്റർ റിലീസ് ചെയ്തിട്ടുള്ളത്.പ്രശസ്ത നടനും ഗായകനുമായ വിജയ് യേശുദാസ് ഈ ചിത്രത്തിൽ സൈനിക നായക കഥാപാത്രത്തെയാണ് അവതരിപ്പിക്കുന്നത്.കലാഭവൻ ഷാജോൺ,അപ്പാനി ശരത്, ജെഫ് സാബു,സുധീർ സുകുമാരൻ, ഇർഫാൻ, ഹരീഷ് പേങ്ങൻ, വിഷ്ണു ദാസ്,ഹരി പത്തനാപുരം, ഹരീഷ് മണ്ണാഞ്ചേരി,സജിമോൻ പാറയിൽ,സജി റാം, സൂര്യ ദത്ത്,ശ്വേതാ മേനോൻ,ജിഫ്ന എസ് കുരുവിള,ബ്രിന്റാ ബെന്നി,റോസ് മറിയ,ലിജോ,പ്രമീള ദേവീ,കെ പി ഏ സി ഭവി, മേഘ്ന,അധീന,ധധനലക്ഷ്മി തുടങ്ങിയവരാണ് മറ്റു അഭിനേതാക്കൾ.സാഫ്നത്ത് ഫ്നെയാ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡിന്റെ ബാനറിൽ സാബു കുരുവിള, പ്രകാശ് കുരുവിള ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ബെന്നി ജോസഫ് നിർവ്വഹിക്കുന്നു. കവിപ്രസാദ് ഗോപിനാഥ്,ശ്യാം എനത്ത്,ഡോക്ടർ പ്രമീള ദേവി എന്നിവരുടെ വരികൾക്ക് എസ് ആർ സൂരജ് സംഗീതം പകരുന്നു.രചന അനിൽ രാജ്,എഡിറ്റർ മനു ഷാജു.പ്രൊഡക്ഷൻ കൺട്രോളർ മൻസൂർ അലി വെട്ടത്തൂർ,കല ത്യാഗു തവന്നൂർ,മേക്കപ്പ് പ്രദീപ് രംഗൻ, കോസ്റ്റ്യൂംസ് സുകേഷ് താനൂർ, കൊറിയോഗ്രാഫർ പപ്പു വിഷ്ണു, ആക്ഷൻ മാഫിയ ശശി, വിഎഫ്എക്സ് ജിനേഷ് ശശിധരൻ (മാവറിക്സ് സ്റ്റുഡിയോ)ബിജിഎം ബാലഗോപാൽ, സ്റ്റിൽസ് പവിൻ തൃപ്രയാർ,ഡിസൈനർ പ്രമേഷ് പ്രഭാകർ,അസോസിയേറ്റ് ഡയറക്ടർ സുഹാസ് അശോകൻ,അസിസ്റ്റന്റ് ഡയറക്ടർ ഷാൻ അബ്ദുൾ വഹാബ്,അലീഷ ലെസ്ലി റോസ്,ഫിനാൻസ് കൺട്രോളർ അഖിൽ ബേബി,ധന്യ ശങ്കർ, പ്രൊഡക്ഷൻ മാനേജർ പ്രശാന്ത് കോടനാട്,പി ആർ ഒഎ എസ് ദിനേശ്.




LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663